● വാർഷിക വരിസംഖ്യ: ₹ 60

# മലബാർ വിഷൻ

താമരശ്ശേരി രൂപതാ മുഖപത്രം

● 2026 ● ജൂലൈ- ആഗസ്റ്റ് ● പുസ്തകം: 09 ● ലക്കം: 04 ● RNI Regn No: KERMAL/2017/73545




# മക്കളിൽ നിന്ന് പഠിക്കാം!

ആഫ്രിക്ക, പാപ്പുവ ന്യൂഗിനിയ തുടങ്ങിയ മിഷൻ മേഖലകളിലെ സുദീർഘ സേവനത്തിന് ശേഷം ഇപ്പോൾ കുടുംബത്തോടൊപ്പം വേറിട്ടൊരു കാഴ്ചപ്പാട് സമൂഹത്തിന് പകർന്നുനൽകുന്ന സോഷ്യൽ മീഡിയ ഇൻഫ്ളുവൻസർ **അബിൻ മൈക്കിൾ** മനസുതുറക്കുന്നു

ആഫ്രിക്കയിലെ മിഷൻ പ്രദേശത്ത് ഞങ്ങളുടെ അയൽക്കാരായി ഒരു അമേരിക്കൻ കുടുംബമുണ്ടായിരുന്നു. അവർക്ക് ആറു മക്കളാണ്. ആ കുട്ടികൾ വലിയ മരത്തിന്റെ തുഞ്ചത്ത് വലിഞ്ഞു കയറുന്നത് കാണുമ്പോൾ എനിക്ക് പേടി തോന്നും. എങ്ങാനും താഴെ വീണാലോ? ഞാനത് ആ മാതാപിതാക്കളോട് പറഞ്ഞപ്പോൾ അവരുടെ മറുപടി ഇതായിരുന്നു: 'കുട്ടികൾ മരത്തിൽ കയറട്ടെ, പരുക്കുപറ്റുമായിരിക്കും, പക്ഷേ, ആ എക്സ്പീരിയൻസ് വേറെ തന്നെയാണ്.'

അതുകേട്ട് അത്ഭുതപ്പെട്ടു നിൽക്കെ, മൂത്ത കുട്ടി മരത്തിൽ കയറി. ചില്ലകളിലൂടെ ഊർന്ന് താഴെ പുല്ലിലേക്ക് ഒറ്റച്ചാട്ടം. അതുകണ്ട് നാല് അനിയന്മാരും ചേട്ടനെ അനുകരിച്ചു. ഒരു വയസ്സ് മാത്രം പ്രായമുള്ള ഇളയ കുഞ്ഞിനെയും കയ്യിലെടുത്ത് ചേട്ടന്മാർ ചെയ്തതുപോലെ ആ മാതാപിതാക്കൾ ചെയ്തു. ആ കുട്ടികൾക്കെല്ലാം വലിയ സന്തോഷമായി.

ഇത് നമ്മുടെ നാട്ടിലാണെങ്കിലോ? കയറാൻ തുടങ്ങുമ്പോഴേ നമ്മൾ പറയും, 'ഇറങ്ങ്, നീ വീഴും!' കേട്ടില്ലെങ്കിൽ, 'ഇപ്പൊ വീഴും, കാലൊടിയും' എന്നാകും ഡയലോഗ്. ധൈര്യമായി കയറിക്കോളാൻ പറയാൻ, വീണാൽ ഞങ്ങളുണ്ടെന്ന് ആശ്വസിപ്പിക്കാൻ എത്ര മാതാപിതാക്കൾക്ക് കഴിയും?

ചെറുപ്പത്തിൽ തന്നെ നമ്മൾ നൽകുന്ന ഇത്തരം നെഗറ്റീവുകളാണ് മുതിരുമ്പോൾ സ്വന്തമായി തീരുമാനമെടുക്കാൻ കഴിയാത്തവരാക്കി കുട്ടികളെ മാറ്റുന്നത്. അമിതമായ കരുതൽ കുട്ടികളെ നശിപ്പിക്കുകയേ ഉള്ളൂ. അവർ ഓടട്ടെ, ചാടട്ടെ, വീഴട്ടെ... അങ്ങനെ പഠിച്ച് അവർ വളരട്ടെ.

പേജ് മൂന്നിൽ തുടരുന്നു ▸




അബിൻ മൈക്കിളും ഭാര്യ മരിയയും മക്കളായ ഹന്നാ റോസിനും നോവയ്ക്കുമൊപ്പം

അഭിമുഖത്തിന്റെ പൂർണ്ണരൂപം കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യൂ



പേജ് 4:
തോൽവികളിൽ നിന്നു കൂടി പഠിക്കാൻ യുവത്വം തയ്യാറാകണം
– ചൈത്ര തെരേസ ജോൺ



പേജ് 5:
ബന്ധങ്ങളിലെ 'ന്യൂജെൻ' പരീക്ഷണങ്ങൾ
– റവ. ഡോ. ടോം പന്നലക്കുന്നേൽ

ഫ്രീയായി ജർമ്മൻ പഠിച്ച് ജർമ്മനിയിൽ നേഴ്സ് ആകാം...
+2 കഴിഞ്ഞ വിദ്യാർത്ഥികൾക്ക് Free ആയി ജർമ്മനിയിൽ Ausbildung കോഴ്സ് പഠിക്കാം..
IELTS | OET | GERMAN | NCLEX-RN
FOR MORE DETAILS
SCAN NOW
JEREMIAH GROUP OF INSTITUTIONS
CONTACT NOW : +91 9567 113 001, +91 9567 313 002
KOZHIKODE | KOTTAYAM | KOCHI
jeremiah.co.in

## എഡിറ്റോറിയൽ

● പുസ്തകം: 9 ● ലക്കം: 4

# മാറുന്ന ലോകം, മങ്ങുന്ന മൂല്യങ്ങൾ

സമൂഹമാധ്യമങ്ങളുടെ പിള്ളത്തൊട്ടിലിൽ പിറന്നുവീണ പുതുതലമുറയ്ക്ക് പ്രളയകാലവും വൈറസ് കാലവും സമ്മാനിച്ച മാസ്കും ലോക്ക്ഡൗണും തുറന്ന് നൽകിയത് സൈബറിടത്തിന്റെ അനന്തസാധ്യതകളാണ്. പഠനം, ജോലി തുടങ്ങി ജീവിതത്തിന്റെ ഒട്ടുമിക്ക ആവശ്യങ്ങൾക്കും അവർക്ക് ആശ്രയം ഓൺലൈൻ പ്ലാറ്റ്ഫോമുകളായിരുന്നു. സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളുടെയും സ്മാർട്ട്ഫോണുകളുടെയും ഉപയോഗം അവരുടെ ജീവിതത്തിന്റെ ഗതിവേഗത്തിന് ആക്കം കൂട്ടി. ജെൻ-സിയിൽ നിന്നും ജെൻ-ആൽഫയിലേക്കും ജെൻ ബീറ്റയിലേക്കും എത്തിയപ്പോഴേക്കും കമ്പ്യൂട്ടർ പ്രോഗ്രാമിങ്ങും നിർമിത ബുദ്ധിയും ലോകത്തിന്റെ നിയന്ത്രണം ഏറ്റെടുത്തു. ഇവയുടെ ആവിർഭാവം ശാസ്ത്രസാങ്കേതികവിദ്യയുടെയും ആരോഗ്യ, വിദ്യാഭ്യാസ മേഖലയുടെയും വളർച്ചയെ ത്വരിതപ്പെടുത്തി. നിർമിത ബുദ്ധിയുടെ ആവിർഭാവം ലോകത്ത് വലിയൊരു വിജ്ഞാന വിസ്ഫോടനത്തിന് വഴിയൊരുക്കി.

നിർമിതബുദ്ധി ഊഷ്മളമായ മനുഷ്യബന്ധങ്ങൾക്ക് വിലങ്ങുതടിയായി മാറിത്തുടങ്ങി. സ്നേഹബന്ധങ്ങളുടെയും സൗഹൃദകൂട്ടായ്മകളുടെയും തലങ്ങൾ വാട്സാപ്പും, ഫേയ്സ്ബുക്കും, ഇൻസ്റ്റഗ്രാമും, ട്വിറ്ററുമൊക്കെ കൈയ്യടക്കി. ഊഷ്മളമായ സ്നേഹബന്ധങ്ങളുടെ വൈകാരിക തലങ്ങൾക്ക് കോട്ടംതട്ടി. ന്യൂജെൻ കുട്ടികളുടെ ജീവിതത്തിന്റെ സിംഹഭാഗവും അവർ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ ചെലവിടുന്നു. ചാറ്റ്ജിപിറ്റി, ജെമിനി, ഗൂഗിൾ തുടങ്ങിയ എഐ ടൂളുകളുടെ അമിത ഉപയോഗം കുട്ടികളുടെ എഴുത്ത്, വായന, ചിന്താ ശീലങ്ങളെ നഷ്ടപ്പെടുത്തിത്തുടങ്ങി.

ഓൺലൈൻ തട്ടിപ്പുകൾ, ഓൺലൈൻ മർഡറുകൾ, ഓൺലൈൻ സൂയിസൈഡ്, ഓൺലൈൻ അറസ്റ്റ് തുടങ്ങിയ ന്യൂജെൻ പദപ്രയോഗങ്ങൾ സർവസാധാരണമായിത്തുടങ്ങി. സോഷ്യൽ മീഡിയ പ്ലാറ്റ് ഫോമുകളിൽ റീച്ച് കിട്ടാനായി നഗ്നദൃശ്യങ്ങൾ മുതൽ പീഡന കഥകൾവരെ അപ്ലോഡ് ചെയ്യുന്ന പ്രവണത വർദ്ധിച്ചു വരുന്നു. സെക്സും ഡ്രഗ്സുമൊക്കെ ജീവിതത്തിന്റെ ആനന്ദോപാധികളായി മാത്രം കണ്ടു തുടങ്ങി. പവിത്രമായ കുടുംബബന്ധങ്ങളുടെ സ്ഥാനത്ത് ലിവിങ് ടുഗതർ, സിറ്റുവേഷൻഷിപ്പ്, ഫ്രണ്ട്സ് വിത്ത് ബെനഫിറ്റ്സ് തുടങ്ങി ഒട്ടനവധി ജീവിതശൈലികൾ പ്രബലമായി തുടങ്ങി.

ജീവിതത്തിന്റെ നൈമിഷിക സുഖാസ്വാദനത്തിനായി ഇത്തരം ജീവിതരീതികൾ അവലംബിച്ചു തുടങ്ങുന്നത് സമൂഹത്തെ വലിയ ധാർമിക അരാജകത്വത്തിലേക്ക് നയിക്കും. പവിത്രമായ കുടുംബബന്ധങ്ങൾ താറുമാറാകും. അതിനാൽ ശാസ്ത്രീയ നേട്ടങ്ങളോടൊപ്പം സ്നേഹത്തിന്റെയും കരുതലിന്റെയും ആത്മീയ സംസ്ക്കാരം കൂടി വളർത്താൻ നമുക്ക് കഴിയട്ടെ.

# കുടുംബം: മനുഷ്യത്വത്തിന്റെ വിദ്യാലയം

## ഇടയശബ്ദം



**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

'ഉൽകൃഷ്ടമായ മനുഷ്യത്വത്തിന്റെ വിദ്യാലയമാണ് കുടുംബം' കുടുംബത്തെക്കുറിച്ചുള്ള വീക്ഷണങ്ങൾ മാറിമറിയുന്ന ഈ കാലഘട്ടത്തിൽ രണ്ടാം വത്തിക്കാൻ കൗൺസിൽ കുടുംബത്തെക്കുറിച്ച് നടത്തുന്ന ഈ സുപ്രധാന പരാമർശം വളരെ ശ്രദ്ധേയമാണ്. കുടുംബത്തിന്റെ ജീവനും ദൗത്യവും മകുടമണിയാൻ ദമ്പതികളുടെ ചിന്താതലത്തിലുള്ള ഐക്യവും സംയുക്തമായ ആലോചനയും മക്കളുടെ ശിക്ഷണത്തിലുള്ള മാതാപിതാക്കളുടെ അവധാനപൂർണ്ണമായ സഹകരണവും ആവശ്യമാണ്. ജെൻ ആൽഫ കാലഘട്ടത്തിൽ ജീവിക്കുന്ന നമുക്ക് കുടുംബത്തെക്കുറിച്ചുള്ള സഭയുടെ അടിസ്ഥാന ചിന്തകൾ ഉൾക്കൊള്ളാൻ കഴിയണം. പുത്തൻ തലമുറയുടെ നൂതന ചിന്താഗതികളും ജീവിതരീതികളും ഒരുപക്ഷേ, പൂർണ്ണാർത്ഥത്തിൽ നമുക്ക് സ്വീകാര്യമാവില്ല; അതുപോലെ തന്നെ പഴയതലമുറയുടേത് ജെൻസിക്കും ജെൻ ആൽഫയ്ക്കും.

പുതുതലമുറയെ വിശ്വാസ ധാർമിക മൂല്യങ്ങളിൽ അടിയുറച്ച് വളർത്തേണ്ടത് മാതാപിതാക്കളുടെ കടമയാണ്. ഈ കർത്തവ്യനിർവഹണത്തിൽ മാതാപിതാക്കൾ പ്രധാനമായും മൂന്നു കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കണമെന്നാണ് കൗൺസിൽ പഠിപ്പിക്കുന്നത്. ഒന്നാമതായി ചിന്താ തലത്തിലുള്ള ഐക്യം. ദമ്പതികൾ തമ്മിൽ ചിന്താതലത്തിൽ ഐക്യമുള്ളവരല്ലെങ്കിൽ അത് കുടുംബത്തിന്റെ കെട്ടുറപ്പിനെയും അതുവഴി കുഞ്ഞുങ്ങളുടെ ആരോഗ്യപരമായ വളർച്ചയെയും സാരമായി ബാധിക്കും. രണ്ടാമതായി കൗൺസിൽ പറയുന്നത് സംയുക്തമായ ആലോചന കുടുംബത്തിലുണ്ടാകണമെന്നാണ്. കൂടിയാലോചനകൾ കൂടാതെ ദമ്പതികളിലൊരാൾ ഏകാധിപത്യപരമായി എടുക്കുന്ന തീരുമാനങ്ങൾ കുടുംബത്തിന്റെ നന്മയ്ക്കുതകണമെന്നില്ല. കുടുംബത്തിന്റെ കെട്ടുറപ്പ് നിലനിർത്തുന്നതിൽ ദമ്പതികൾക്ക് തുല്യപങ്കാളിത്തമാണ് ഉള്ളത്. കുടുംബങ്ങളിൽ ദമ്പതികൾ തമ്മിലുള്ള ബന്ധം ദൃഢതരമാകുന്നത് കൂടിയാലോചനകളിലൂടെ തീരുമാനങ്ങൾ കൈക്കൊള്ളുമ്പോഴും സഹകരണ മനോഭാവത്തോടെ അത് നടപ്പിൽ വരുത്തുമ്പോഴുമാണ്. മൂന്നാമതായി കൗൺസിൽ പറയുന്നത് മക്കളുടെ ശിക്ഷണത്തിൽ മാതാപിതാക്കളുടെ സഹകരണത്തെക്കുറിച്ചാണ്. കുട്ടികളുടെ രൂപീകരണത്തിൽ മാതാപിതാക്കൾ ഒരു മനസ്സോടെ ചിന്തിക്കുകയും ഒരുമയോടെ പ്രവർത്തിക്കുകയും ചെയ്യുമ്പോഴാണ് അവരെ നേർവഴിക്ക് നയിക്കാൻ കഴിയുക.

സഭ നൽകുന്ന ഈ പാഠങ്ങൾ നമ്മുടെ കുടുംബങ്ങളിൽ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നമുക്ക് കഴിയണം. സമൂഹ മാധ്യമങ്ങളിലെ അനിയന്ത്രിതമായ ഇടപെടലും അവയുടെ സ്വാധീനവും പുതുതലമുറയുടെ ചിന്താരീതികളെയും അതുവഴി അവരുടെ ജീവിതശൈലികളെയും മാറ്റിമറിക്കുന്നു. നിർമിത ബുദ്ധിയുടെ ശരവേഗത്തിലുള്ള വളർച്ചയും സ്വാധീനവും സമൂഹത്തിൽ വലിയ മാറ്റങ്ങൾക്ക് വഴിതെളിക്കുന്നുണ്ട്. മനുഷ്യന്റെ അടിസ്ഥാന ജീവിത മൂല്യങ്ങളെ ബലികഴിച്ച് പുരോഗതിയുടെ പിന്നാലെ മാത്രം പരക്കം പായുന്നത് സമൂഹത്തെ ധാർമിക ജീർണതയിൽകൊണ്ടെത്തിക്കും. അതിനാൽ വളർന്നു വരുന്ന തലമുറയുടെ സർഗ്ഗശേഷിയെ തിരിച്ചറിഞ്ഞ് ശരിയായ മാർഗ്ഗത്തിൽ അവരെ വളർത്തി സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും മൂല്യങ്ങൾ പകർന്നേകി സാമൂഹിക തിന്മകൾക്കടിപ്പെടാതെ അവരെ വളർത്താൻ മാതാപിതാക്കൾക്ക് കഴിയണം. അതോടൊപ്പം ദൈവഭയമുള്ളവരായി കുഞ്ഞുങ്ങളെ വളർത്തണം. കാരണം, 'ദൈവഭയം ഒരുവനെ തിന്മയിൽ നിന്ന് അകറ്റി നിർത്തുന്നു' (സുഭാ. 16:6).

# അലിവിന്റെ അത്ഭുതങ്ങൾ

## അകം പുറം



**കെ.എഫ്. ജോർജ്**

ഏതൊരു മഹാജനസഞ്ചയത്തിനു മുമ്പിൽ നിൽക്കുമ്പോഴും താൻ കാണുന്നത് ആൾക്കൂട്ടത്തെയല്ല, വ്യക്തികളെയാണെന്ന് ഫ്രാൻസിസ് മാർപാപ്പ ഒരു അഭിമുഖത്തിൽ വെളിപ്പെടുത്തിയിരുന്നു. സഭാ വിഷയങ്ങളിലും അന്താരാഷ്ട്ര പ്രശ്നങ്ങളിലും ഇടപെടുമ്പോൾ അദ്ദേഹം ഈ നിലപാടിൽ ഉറച്ചു നിന്നു. കൂട്ടങ്ങളുടെ നിക്ഷിപ്ത താൽപ്പര്യങ്ങൾക്കല്ല, വ്യക്തികളുടെ സങ്കടങ്ങൾക്കാണ് അദ്ദേഹം മുൻതൂക്കം നൽകിയത്. നിസംഗതയുടെ ആഗോളവൽക്കരണകാലത്ത് അദ്ദേഹം ലോകത്തെയും ഓരോ വ്യക്തിയേയും ചേർത്തു നിർത്താൻ ശ്രമിച്ചു.

വഴി നഷ്ടപ്പെടുന്ന ആടിനെ അന്വേഷിച്ചു പോകുന്നവന്റെ മനോഭാവമാണിത്. പൈതൃകം നഷ്ടപ്പെടുത്തിയ ധൂർത്ത പുത്രനെ അങ്ങനെയുള്ളവർ കാത്തിരിക്കും. പശ്ചാത്തപിക്കുന്ന കുരിശിലെ കുറ്റവാളിക്കും അവിടെ പറുദീസയിൽ ഇടമുണ്ട്.

ഫ്രാൻസിസ് മാർപാപ്പയുടെ മനോഭാവമുള്ളവർ വിരളമായ കാലമാണിത്. നവലിബറലിസത്തിന്റെയും കൃത്രിമ ബുദ്ധിയുടെയും കാലത്ത് ഏതുരംഗത്തും ആൾക്കൂട്ടങ്ങൾ അരങ്ങുവാഴുന്നു. ജനാധിപത്യം പേരിൽ മാത്രം ആകുകയും ക്യാപിറ്റലിസം നിഗൂഢവഴികളിലൂടെ പിടിമുറുക്കുകയും ചെയ്യുന്ന കാലത്ത് മനുഷ്യൻ സഹജീവികളോടു കാണിക്കാൻ ബാധ്യസ്ഥമായ അലിവിന്റെ ഇടങ്ങൾ വരണ്ടുപോകുന്നു.

സമൂഹത്തിന്റെ അടിസ്ഥാന യൂണിറ്റായ കുടുംബങ്ങളിലേക്കും ഇതു പടർന്നു കയറുന്നു. സാമ്പത്തിക സൗകര്യങ്ങൾ കൂടുകയും വിദേശ കുടിയേറ്റം സർവസാധാരണമാകുകയും ചെയ്തിട്ടുണ്ടെങ്കിലും പുറമേ കാണുന്ന പകിട്ട് അംഗങ്ങൾ തമ്മിലുള്ള ബന്ധങ്ങളിലെത്തുന്നില്ല. ഞാൻ, എന്റെ കാര്യം എന്ന മട്ടിൽ എല്ലാം വ്യക്തി കേന്ദ്രീകൃതമാകുമ്പോൾ കുടുംബബന്ധങ്ങളിൽ മൗനവും കാലുഷ്യവും ഏകാന്തതയും നിറയുന്നു.

സാങ്കേതിക വിദ്യകൾ നൽകുന്ന ഊറ്റം മനുഷ്യ ബന്ധങ്ങൾക്ക് പകരമാകുമെന്ന മിഥ്യാധാരണ പുതുതലമുറയുടെ ഉള്ളിൽ ഉറച്ചുപോകുന്നുണ്ടോ? ഇടയ്ക്കിടെ അലോസരങ്ങൾ ഉണ്ടാകാമെങ്കിലും പച്ചയായ ബന്ധങ്ങളും കുടുംബക്കൂട്ടായ്മകളും സൗഹൃദങ്ങളും നൽകുന്ന ജൈവകരുത്തും തിരുത്തും പോലൊന്ന് പ്രതിസന്ധി ഘട്ടങ്ങളിൽ ഒരു യന്ത്രാധിഷ്ഠിത കൂട്ടായ്മയ്ക്കും നൽകാൻ കഴിയില്ല.



ഫ്രാൻസിസ് മാർപാപ്പ പറഞ്ഞതു പോലെ ബന്ധപ്പെടുന്ന ഓരോ വ്യക്തിക്കും അവരുടെ ഉള്ളിനു കുളിർമ പകരുന്ന പരിഗണന നൽകാൻ കഴിയണം. വീടുകൾക്ക് സ്വന്തം വാഹനങ്ങൾ ഇല്ലാതിരുന്നകാലത്ത് ജീപ്പു കയറിയും നടന്നുമെല്ലാം ബന്ധുവീട്ടിലെത്തുമ്പോൾ അവർക്ക് ഉടുക്കാൻ ലുങ്കിയും കുളിക്കാൻ തോർത്തും നൽകുമായിരുന്നു. ഇത്തരം സാധനങ്ങൾ സഞ്ചിയിലാക്കി പോകുന്ന പതിവ് അന്നില്ല. വർത്തമാനം പറഞ്ഞ് രാത്രി അവിടെ തങ്ങിയ ശേഷമായിരുന്നു മടക്കം. സ്വന്തം വാഹനമായപ്പോൾ ബന്ധുവീട്ടിലെത്തിയാൽ അധികം വൈകാതെ മടങ്ങിപ്പോരും. വലിയ കാര്യമൊന്നുമില്ലെങ്കിലും എല്ലാവർക്കും എന്തിനും തിരക്കാണല്ലോ!

ബന്ധപ്പെടുന്നയാൾക്ക് എന്താണ് ആവശ്യം എന്നു മനസ്സിലാക്കി അതനുസരിച്ച് പെരുമാറാൻ കഴിയുമ്പോഴാണ് ഒരാൾ മനുഷ്യനാകുന്നത്. അതു സ്വീകരിക്കുന്നവൻ കൊടുക്കുന്നവനെ മറക്കില്ല. ഒരിക്കൽ കിട്ടിയ മനുഷ്യപ്പറ്റുള്ള അലിവിന്റെയും കരുതലിന്റെയും കുളിർമ മരണം വരെ മനസിൽ മായാതെ കിടക്കും.

സിനഗോഗ് അധികാരി ജായ്റോസിന്റെ മകളെ മരണത്തിൽ നിന്ന് ഉയിർപ്പിച്ച ശേഷം അവൾക്ക് ഭക്ഷണം കൊടുക്കാൻ നിർദ്ദേശിക്കുന്ന യേശുവിനെ നമ്മൾ കാണുന്നു.

വചനം കേൾക്കാനും രോഗശാന്തിക്കുമായി തടിച്ചുകൂടിയ ജനക്കൂട്ടത്തെ പിരിച്ചുവിടാൻ ശിഷ്യന്മാർ പറയുമ്പോൾ ആ പ്രായോഗിക നിർദ്ദേശം മനുഷ്യപുത്രൻ തള്ളിക്കളയുകയാണ്. കാരണം അവന് അവരുടെ മേൽ അനുകമ്പ തോന്നി. അപ്പോൾ അഞ്ചപ്പം അയ്യായിരം പേരുടെ വയറു നിറയ്ക്കാൻ മാത്രമല്ല 12 കുട്ട നിറയ്ക്കാൻ മാത്രം മിച്ചവുമുണ്ടാക്കി.

കരുണയോടെയും അലിവോടെയുമുള്ള പെരുമാറ്റങ്ങൾക്ക് ഇത്തരം അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയും.

# ഒപ്പം നടക്കാം, ചേർത്തുപിടിക്കാം

**നമ്മൾ ഒരു 'രക്ഷിതാവാകാൻ' ശ്രമിക്കാതെ കുട്ടിയാകാൻ ശ്രമിക്കുമ്പോഴാണ് യഥാർത്ഥത്തിൽ പേരന്റിങ് സംഭവിക്കുന്നത്**

പേജ് ഒന്നിൽ നിന്ന് തുടർച്ച

സമൂഹത്തെ ഇന്ന് ഏറ്റവും കൂടുതൽ പഠിപ്പിക്കേണ്ടത് പേരന്റിങ് ആണ്. ക്രിസ്തുപോലും പറഞ്ഞിട്ടുള്ളത് കുട്ടികളിൽ നിന്ന് പഠിക്കാനാണ്. വീട്ടിൽ ഒരു കുട്ടിയുണ്ടെങ്കിൽ നമുക്ക് വീണ്ടും കുട്ടിയാകാൻ കിട്ടുന്ന ഏറ്റവും വലിയ അവസരമാണത്. നമ്മൾ ഒരു 'രക്ഷിതാവാകാൻ' ശ്രമിക്കാതെ കുട്ടിയാകാൻ ശ്രമിക്കുമ്പോഴാണ് യഥാർത്ഥത്തിൽ പേരന്റിങ് സംഭവിക്കുന്നത്.

ഒരിക്കൽ ഞാനും മകൾ ഹന്നാ റോസും കൂടി ഒരു കെഎസ്ആർടിസി ബസ്സിൽ യാത്ര ചെയ്തു. എങ്ങോട്ടാണെന്ന് പലരും ചോദിച്ചു, 'ബസ്സിൽ യാത്ര ചെയ്യാൻ' എന്ന് മാത്രമായിരുന്നു എന്റെ മറുപടി. ബസ്സിൽ ഞങ്ങളും ജീവനക്കാരും മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവൾ ആ വണ്ടിക്കുള്ളിൽ ഓടിക്കളിച്ചു, എല്ലാവരോടും സംസാരിച്ചു. അതൊരു വലിയ അനുഭവമായിരുന്നു. ഇതെല്ലാം സാധിക്കണമെങ്കിൽ ആദ്യം മാതാപിതാക്കളുടെ ഉള്ളിലെ കുട്ടിത്തം ഉണരണം.

## 'തന്ത വൈബ്' പ്രതിരോധം

'ഇന്നത്തെ കുട്ടികൾ ഒന്നും കേൾക്കുന്നില്ല', 'അവരുടെ ഭാഷ മനസിലാകുന്നില്ല' എന്നൊക്കെ പറയുന്ന അധ്യാപകരും രക്ഷിതാക്കളുമുണ്ട്. 'തന്ത വൈബ്' എന്ന് പറഞ്ഞ് അവർ സ്വയം പ്രതിരോധം തീർക്കും. അതൊരു ഒളിച്ചോട്ടമാണ്. എന്നാൽ, ആ കുട്ടികളുടെ കൂടെയിരിക്കാൻ അല്പം സമയം മാറ്റിവെച്ചാൽ അവരെ പൂർണ്ണമായും നേടാൻ കഴിയും.

എന്റെ കുട്ടിക്കാലത്ത് എനിക്ക് ലഭിച്ചത് മികച്ച പേരന്റിങ് ആയിരുന്നില്ല. മാതാപിതാക്കളുടെ അറിവില്ലായ്മകൊണ്ട് പല കാര്യങ്ങളിലും 'വേണ്ട', 'പാടില്ല', 'ചെയ്യരുത്' എന്ന മറുപടികളാണ് കൂടുതൽ കേട്ടത്. കുട്ടിക്കാലത്ത് ലഭിക്കുന്ന ഇത്തരം ആന്തരിക മുറിവുകൾ പലരെയും വളർന്ന ശേഷവും പിന്തുടരാറുണ്ട്. എന്നാൽ ജീസസ് യൂത്ത് മുന്നേറ്റവും സഭാ പ്രവർത്തനങ്ങളും ആ മുറിവുകളിൽ നിന്ന് എനിക്ക് സൗഖ്യം നൽകി. ഞാൻ എങ്ങനെ രൂപപ്പെട്ടോ അങ്ങനെ ആയിരിക്കരുത് എനിക്കു ശേഷമുള്ള തലമുറയെന്ന് ഞാൻ തീരുമാനമെടുത്തു. അത്തരമൊരു ഉൾക്കാഴ്ച ലഭിക്കാൻ മിഷൻ പ്രവർത്തനങ്ങളാണ് പ്രചോദനമായത്.

## ചില ഓർമ്മപ്പെടുത്തലുകൾ

ഒരു സ്കൂളിൽ ക്ലാസെടുക്കാൻ പോയപ്പോൾ അഞ്ചാം ക്ലാസ്സുകാർ ഭക്ഷണം കഴിക്കുന്നത് കണ്ടു. ഒരു കുട്ടി താൻ കൊണ്ടുവന്ന കറികൾ എല്ലാവർക്കുമായി വിളമ്പിക്കൊടുക്കുന്നു. ഞാനത് വീഡിയോ എടുത്തു, ആ വീഡിയോ 90 ലക്ഷത്തിലധികം പേരാണ് കണ്ടത്. പലരും അതൊരു വലിയ സംഭവമായി പറഞ്ഞു. പക്ഷേ, അതൊരു വലിയ സംഭവമേയല്ല; നമ്മളൊക്കെ പണ്ട് ചെയ്തിരുന്ന, പിന്നീട് കൈമോശം വന്നുപോയ സാധാരണ കാര്യങ്ങൾ മാത്രമാണത്. ചില ഓർമ്മപ്പെടുത്തലുകൾ ആവശ്യമാണ്.

പരീക്ഷയിലെ ഒന്നാം സ്ഥാനങ്ങളെയും മത്സരങ്ങളിലെ വിജയങ്ങളെയുമാണ് നമ്മൾ ആഘോഷിക്കുന്നത്. എന്നാൽ മറ്റുള്ളവർക്കായി എന്തെങ്കിലും കാര്യം പങ്കുവെക്കുന്ന കുട്ടിയെ നാം ആഘോഷിക്കുന്നുണ്ടോ? എന്നും കൃത്യസമയത്ത് സ്കൂളിൽ വരുന്ന കുട്ടി, യൂണിഫോം വൃത്തിയായി സൂക്ഷിക്കുന്ന കുട്ടി ഇവർക്കൊക്കെ അവാർഡ് കൊടുക്കേണ്ടേ? എങ്കിലേ സമൂഹത്തിന്റെ കാഴ്ചപ്പാട് മാറുകയുള്ളൂ.

### ഓർത്തിരിക്കാം ഇക്കാര്യങ്ങൾ:

- കുട്ടികളെ ഒരിക്കലും മറ്റുള്ളവരുമായി താരതമ്യം ചെയ്യാതിരിക്കുക.
- ഫ്രസ്ട്രേഷൻ തീർക്കാനുള്ളതോ നിങ്ങളുടെ നടക്കാതെ പോയ സ്വപ്നങ്ങൾ അടിച്ചേൽപ്പിക്കാനുള്ളതോ ആയ ഉപകരണങ്ങളല്ല കുട്ടികൾ.
- മാതാപിതാക്കളുടെ തുടർച്ചയാണ് മക്കൾ; അവരിൽ നിന്ന് അത്രമാത്രം പ്രതീക്ഷിക്കുക.

## വളരാൻ അനുവദിക്കാം

നമ്മുടെ കുട്ടികളെ അവരുടെ താല്പര്യങ്ങൾക്ക് വിരുദ്ധമായി പഠിക്കാൻ നിർബന്ധിക്കുന്ന മാതാപിതാക്കൾ ഇന്നും ധാരാളമുണ്ട്. അയർലണ്ടിൽ നഴ്സായി ജോലി ചെയ്യുന്ന ഒരു പെൺകുട്ടി കഴിഞ്ഞ ദിവസം എന്നോട് പറഞ്ഞു: 'ചേട്ടാ, പ്ലസ്ടുവിന് ഫുൾ എ-പ്ലസ് കിട്ടിയ എനിക്ക് നഴ്സിങ് ഒട്ടും ഇഷ്ടമായിരുന്നില്ല. അമ്മയുടെ നിർബന്ധം കാരണം പഠിച്ചതാണ്. ഉയർന്ന ശമ്പളമുണ്ടെങ്കിലും, നന്നായി സംസാരിക്കാനും ആശയവിനിമയം നടത്താനും കഴിവുണ്ടായിരുന്ന ഞാൻ ഇന്ന് നോക്കുന്നത് ചെവി കേൾക്കാത്ത ഒരു വല്യമ്മയെയാണ്.' ഓരോരുത്തർക്കും അടിസ്ഥാനപരമായ കഴിവുകളുണ്ട്. അത് കണ്ടെത്തി അവരെ അവിടേക്ക് വളരാൻ അനുവദിക്കുകയാണ് വേണ്ടത്.

യുവാക്കളെ നേടാൻ വളരെ എളുപ്പമാണ്; നമ്മൾ അവരിലൊരാളായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യണമെന്ന് മാത്രം. ജീസസ് യൂത്ത് നടത്തിയ ധ്യാനത്തിനു വന്ന, ഫോണിന് പൂർണ്ണമായി അഡിക്റ്റായ ഒരു പയ്യനുണ്ടായിരുന്നു. അവന്റെ ഫോൺ വാങ്ങി വയ്ക്കുന്നതിനു പകരം ആ പ്രോഗ്രാം മുഴുവൻ ക്യാമറയിൽ പകർത്താനുള്ള ചുമതല ഞങ്ങൾ അവന് നൽകി. ആ ക്യാമറക്കണ്ണുകളിലൂടെ അവൻ കണ്ടത് സ്നേഹവും കരുണയുമായിരുന്നു. ഒരു പ്രവൃത്തിയിലൂടെ അവനെ ഞങ്ങൾക്ക് നേടാൻ പറ്റി. നിർബന്ധബുദ്ധിയോടെ ആശയങ്ങൾ അടിച്ചേൽപ്പിച്ചിരുന്നെങ്കിൽ ഒരിക്കലും അവനത് ഉൾക്കൊള്ളാൻ കഴിയുമായിരുന്നില്ല.

ഫോർമേഷൻ നടത്തുക എന്നതിനേക്കാൾ, അവർക്കൊപ്പം നടക്കുക എന്നതാണ് പ്രധാനം. രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് ക്രിസ്തു ജനങ്ങളുടെ ഹൃദയങ്ങളെ സ്പർശിച്ചത് സ്നേഹത്തിലൂടെയായിരുന്നു. ഇന്നും മനുഷ്യരെ മാറ്റാൻ കഴിയുന്ന ശക്തി അതുതന്നെയാണ്.

*(തലശ്ശേരി അതിരൂപതയിലെ പാലാവയൽ സെന്റ് ജോൺ ഇടവകാംഗമാണ് അബിൻ മൈക്കിൾ)*

"കർത്താവ് വിശുദ്ധ സ്ഥലത്തിനുവേണ്ടി ജനത്തെ തിരഞ്ഞെടുക്കുകയല്ല, ജനത്തിനുവേണ്ടി സ്ഥലം തിരഞ്ഞെടുക്കുകയാണു ചെയ്തത്. അതിനാൽ, ജനത്തിന്റെ കഷ്ടതകളിലും ഐശ്വര്യത്തിലും ആ സ്ഥലവും പങ്കുചേർന്നു." (2 മക്കബായർ 5: 19 – 20)

മരിയൻ വോയേജ് ഇരിങ്ങാലക്കുടയുടെ നേതൃത്വത്തിൽ ഫാ. ഷാജു ചിറയത്ത് (ഹൃദയ പാലിയേറ്റീവ് കെയർ, ഇരിങ്ങാലക്കുട) നയിക്കുന്ന

വിശുദ്ധനാട് തീർത്ഥാടനം

ജോർദാൻ, ഇസ്രായേൽ, ഈജിപ്ത്, നെബോ മല, ബെത്‌ലഹേം, ജറുസലേം

2026 നവംബർ 8 ന് ആരംഭിക്കുന്നു

കൂടുതൽ വിവരങ്ങൾക്ക്:
MARIYAN VOYAGE, IRINJALAKUDA

പ്രധാന സ്ഥലങ്ങൾ

അമാൻ | നസ്രത് | ബെത്‌ലഹേം
മൗണ്ട് നെബോ | മൗണ്ട് | ജെറുസലേം
റെഡ് സീ | താബോർ | മൗണ്ട് സീനായ്
കാന | കഫർനാം | കെയ്റോ

Fly BEYOND BORDERS explore the world
info@fbbtravels.co.in
https://fbbtravels.com

9 NIGHT 10 DAY



റോം–യൂറോപ്പ് തീർത്ഥാടനം

Italy, Vatican, Bosnia, medjugorje, Switzerland, France, Spain and Portugal (7countries)

15 night 16 day

2027 ഏപ്രിൽ 4 മുതൽ 19-ാം തിയ്യതി വരെ

Jose Antony Maliekkal : 9961471736
John Joseph Ainikkal : 9497624825, Anthony Johnson : 9820086548

# തോൽവികളിൽ നിന്നു കൂടി പഠിക്കാൻ യുവത്വം തയ്യാറാകണം

**എന്തും സാധ്യമെന്ന ചിന്ത അപകടകരം... യുവജനങ്ങളുടെ കാഴ്ചപ്പാടുകളും, അവർക്കിടയിൽ വർദ്ധിക്കുന്ന ക്രിമിനൽ പ്രവണതകളും സമൂഹത്തിൽ ചർച്ചയാകുന്നു.** *മലപ്പുറം ജില്ലാ പോലീസ് മേധാവി ചൈത്ര തെരേസ ജോൺ ഐപിഎസ് 'മലബാർ വിഷന്' നൽകിയ അഭിമുഖത്തിൽ നിന്ന്*

*?കുറ്റകൃത്യങ്ങളിൽ യുവജനങ്ങളുടെ പങ്കാളിത്തം വർധിച്ചുവരുന്നതായി സമീപകാല വാർത്തകളിൽ നിന്നു വ്യക്തമാകുന്നു. ഇതിൽ എത്രത്തോളം വാസ്തവമുണ്ട്*

● കുറ്റകൃത്യങ്ങളിൽ കൂടുതലായി യുവജനങ്ങൾ ഉൾപ്പെടുന്നു എന്നത് ഒരു യാഥാർഥ്യമാണ്. 'എന്തും സാധ്യമാണ്' എന്നൊരു കാഴ്ചപ്പാടാണ് ഇതിനു കാരണമെന്നു തോന്നുന്നു. പത്തു വർഷം മുമ്പുള്ളതിനെക്കാളും യുവജനങ്ങളുടെ ചലനാത്മകത (മൊബിലിറ്റി) കൂടിയിട്ടുണ്ട്. മുമ്പ് 25 വയസുകാരന് ഒരു ബൈക്ക് വാങ്ങണമെങ്കിൽ സ്വന്തമായി അധ്വാനിച്ച് പണം കണ്ടെത്തണമായിരുന്നു. എന്നാൽ ഇന്ന് കുട്ടികൾ ചോദിക്കാതെ തന്നെ മാതാപിതാക്കൾ അത് വാങ്ങിച്ചു കൊടുക്കുന്ന അവസ്ഥയിലേക്ക് എത്തി. അതുകൊണ്ട് തന്നെ അവൻ അധ്വാനിച്ച് പണം ഉണ്ടാക്കണമെന്നില്ല. ആശയവിനിമയ സാധ്യതകളും ഇന്ന് കൂടുതൽ എളുപ്പമായി. ചുറ്റുപാടും നടക്കുന്ന കുറ്റകൃത്യങ്ങൾ എന്താണെന്നും, അതിൽ ആരൊക്കെ ഉൾപ്പെട്ടിട്ടുണ്ടെന്നുമെല്ലാം ഞൊടിയിടയിൽ അറിയാൻ അവർക്ക് സാധിക്കുന്നുണ്ട്.

*?ഇന്നത്തെ യുവതലമുറയെ വഴിതെറ്റിക്കുന്നതിൽ സോഷ്യൽ മീഡിയയുടെ പങ്ക് എത്രത്തോളമുണ്ട്?*

● പണ്ട് കുട്ടികളെ നിരീക്ഷിക്കുക എന്നത് വളരെ പ്രയാസമായിരുന്നു. ഇന്ന് അങ്ങനെയല്ല, പല പല തലങ്ങളിൽ നിരീഷണം സാധ്യമാണ്. ഇപ്പോഴത്തെ യുവജനങ്ങൾക്ക് കുറ്റകൃത്യങ്ങളോടുള്ള എക്സ്പോഷർ വളരെ കൂടുതലാണ്. ഇതിൽ സോഷ്യൽ മീഡിയയുടെ സ്വാധീനം വളരെ വലുതാണ്. ഒരു കുട്ടി സോഷ്യൽ മീഡിയയിലൂടെ എന്തെല്ലാം കാണുന്നു, എന്തു ചെയ്യുന്നു എന്നെല്ലാം പൂർണ്ണമായി നിരീക്ഷിക്കുവാൻ മാതാപിതാക്കൾക്കോ അധ്യാപകർക്കോ സാധിക്കില്ല. എന്തൊക്കെ തരം ക്രൈമുകളുണ്ട്, എന്തു ചെയ്യണം, എങ്ങനെ ചെയ്യണം എന്നിങ്ങനെ ക്രൈമുകളുടെ വലിയൊരു മഹാപ്രപഞ്ചം തന്നെ സോഷ്യൽ മീഡിയ കുട്ടികൾക്ക് മുന്നിൽ തുറന്നിടുന്നുണ്ട്.

*?മുൻകാലങ്ങളെ അപേക്ഷിച്ച് കുറ്റകൃത്യങ്ങളിലെ ക്രൂരത വർദ്ധിക്കുന്നതായി തോന്നുന്നുണ്ടോ?*

● ക്രൂരത കൂടിയതായി പറയാൻ കഴിയില്ല. കുറച്ചു വർഷങ്ങൾക്ക് മുമ്പ് ഒന്നര വയസുള്ള കുട്ടിയുടെ മുമ്പിൽ വച്ച് അച്ഛൻ അമ്മയുടെ കഴുത്തറുത്ത ദാരുണമായൊരു സംഭവം നടന്നിരുന്നു. പക്ഷേ, അന്ന് അതിന് ഇപ്പോൾ നടക്കുന്ന കുറ്റകൃത്യങ്ങളുടെയത്ര വിസിബിലിറ്റി (സോഷ്യൽ മീഡിയ ഭാഷയിൽ പറഞ്ഞാൽ റീച്ച്) ലഭിച്ചിരുന്നില്ല. കാരണം സോഷ്യൽ മീഡിയ അക്കാലത്ത് ഇത്ര സജീവമല്ലായിരുന്നു. ഇന്ന് എന്തിനും വലിയ വിസിബിലിറ്റി കിട്ടുന്നുണ്ട്. അതുകൊണ്ടാകാം ക്രൂരത കൂടിവരുന്നതായി ആളുകൾക്ക് തോന്നുന്നത്.

*?ലഹരി ഉപയോഗം കേരളം നേരിടുന്ന വലിയൊരു വിപത്തായി മാറിയിരിക്കുന്നു. പെൺകുട്ടികളിലും ഇത് വർധിക്കുന്നതായാണ് പഠനങ്ങൾ പറയുന്നത്. ഈ സാഹചര്യത്തെ എങ്ങനെ നോക്കിക്കാണുന്നു.*

● മയക്കുമരുന്നുകളുടെ ലഭ്യത മുമ്പത്തേക്കാൾ കൂടിയിട്ടുണ്ട് എന്നത് വാസ്തവമാണ്. എന്റെയൊക്കെ കുട്ടിക്കാലത്ത് മയക്കുമരുന്നുകളുടെ പേരുപോലും ആർക്കും അത്ര സുപരിചിതമായിരുന്നില്ല. പക്ഷേ, ഇന്ന് ഉപയോഗിക്കുന്നില്ലെങ്കിൽ പോലും പലതരം മയക്കുമരുന്നുകളുണ്ടെന്നും അവ ഏതൊക്കെയാണെന്നും മിക്ക കുട്ടികൾക്കുമറിയാം. ചിലപ്പോൾ അത് ഉപയോഗിക്കുന്നവർ അവരുടെ കൂടെ പഠിക്കുന്നുമുണ്ടാകാം. തൊഴിലില്ലായ്മയാകാം യുവാക്കളിലെ ലഹരി ഉപയോഗത്തിന്റെ പ്രധാന കാരണം. മികച്ച വിദ്യാഭ്യാസ യോഗ്യതയുള്ളവർക്കു പോലും അവരുടെ കഴിവിന് അനുസരിച്ചുള്ള ജോലി കണ്ടെത്താനാകുന്നില്ല. അതുണ്ടാക്കുന്ന സമ്മർദ്ദം അവരെ ലഹരി ഉപയോഗത്തിലേക്ക് നയിക്കാം. മയക്കുമരുന്ന് ഉപയോഗം മനുഷ്യന്റെ ചിന്താശേഷിയെ ഇല്ലാതാക്കും. അത് തെറ്റും ശരിയും തിരിച്ചറിയാൻ കഴിയാത്ത അവസ്ഥയിലേക്ക് യുവാക്കളെ എത്തിക്കും. മയക്കുമരുന്ന് വാങ്ങാൻ പണം കണ്ടെത്താനായി മാത്രം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരും ഉണ്ട്. ലഹരികേസുകളിൽ ഇന്ന് പെൺകുട്ടികളും കൂടുതലായി ഉൾപ്പെടുന്നു. എല്ലാ മേഖലകളിലും എന്നപോലെ ഈ മേഖലയിലേക്കും അവർ എത്തി എന്നു കരുതേണ്ടി വരും.



ചൈത്ര തെരേസ ജോൺ

*?സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ കൂടിവരികയാണോ? എന്താണ് ഇതിനൊരു പരിഹാരം?*

● സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ പണ്ടു മുതലേ വളരെ കൂടുതലാണ്. അന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നത് കുറവായിരുന്നു. പലപ്പോഴും അപകീർത്തി ഭയന്ന് സ്ത്രീകൾ പരാതി നൽകുന്നതിൽ നിന്നും പിൻവലിയുകയായിരുന്നു പതിവ്. ഇപ്പോൾ ആ സ്ഥിതിക്ക് മാറ്റം വന്നിട്ടുണ്ട്. കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നു. സ്കൂൾ തലം മുതൽ ശക്തമായ ബോധവൽക്കരണ പദ്ധതികൾ നടത്തിയാൽ മാത്രമേ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ കുറയൂ എന്നാണ് എനിക്ക് തോന്നുന്നത്. പല വലിയ ക്രിമിനലുകളുടെയും തുടക്കം ചെറിയ ചെറിയ കുറ്റകൃത്യങ്ങളിൽ നിന്നായിരിക്കാം. അത്തരം ചെറിയ കുറ്റകൃത്യങ്ങൾ ചിലപ്പോൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടാകില്ല. അതൊരു വളമാക്കി മാറ്റി പിന്നീട് അയാൾ വലിയൊരു ക്രിമിനലായി വളരാം. സ്ത്രീകൾക്ക് പരാതി നൽകൽ എളുപ്പമാക്കാനും പൊലീസിന്റെ റെസ്പോൺസ് ടൈം കുറയ്ക്കാനും കഴിയണം.

> സ്ത്രീകൾക്ക് പൊതുവെ പല കാര്യങ്ങളിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന സമൂഹമാണ് നമ്മുടേത്. എന്നാൽ, എന്റെ കുടുംബം അത്തരം നിയന്ത്രണങ്ങളൊന്നും എനിക്ക് ഏർപ്പെടുത്തിയിട്ടില്ല. നന്നായി പഠിക്കണം എന്നതൊഴിച്ച് മറ്റൊരു കാര്യത്തിലും അവർ എന്നെ നിർബന്ധിച്ചിട്ടുമില്ല. 'നിന്നെക്കൊണ്ട് അതൊന്നും പറ്റില്ല' എന്ന് അവർ ഒരിക്കലും പറഞ്ഞിട്ടില്ല; അത് എന്റെ വലിയൊരു കരുത്തായി ഞാൻ കാണുന്നു. 'അയ്യോ, അതെങ്ങനെ ചെയ്യും?' എന്ന് ഞാൻ സ്വയം ആശങ്കപ്പെട്ട സന്ദർഭങ്ങളിൽ പോലും, 'അത് നിനക്ക് പറ്റും' എന്ന് പറഞ്ഞ് ആത്മവിശ്വാസം പകരുകയാണ് എന്റെ മാതാപിതാക്കൾ ചെയ്തത്. പരാജയങ്ങളും അബദ്ധങ്ങളുമെല്ലാം എന്റെ ജീവിതത്തിലും സംഭവിച്ചിട്ടുണ്ട്. പക്ഷേ, എന്തൊക്കെ സംഭവിച്ചാലും എന്റെ കുടുംബം എന്നെ തള്ളിക്കളയില്ല എന്ന വിശ്വാസമാണ് എനിക്ക് എപ്പോഴും ഊർജം പകരുന്നത്. എന്റെ ഭാഗത്ത് കുറവുകൾ സംഭവിച്ചാൽ ഇന്നും എന്നെ തിരുത്തുന്നതിൽ വിമുഖത കാട്ടാത്തവരാണ് എന്റെ മാതാപിതാക്കൾ.

**അഭിമുഖത്തിന്റെ പൂർണ്ണരൂപം കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യൂ**

*?ഒരു വ്യക്തി ക്രിമിനലായി മാറുന്നതിൽ അവരുടെ കുടുംബപശ്ചാത്തലത്തിന് എത്രത്തോളം പങ്കുണ്ട്?*

● മിക്ക ക്രിമിനലുകളും ജനിക്കുന്നത് വീടുകളിലെ ട്രോമകളിൽ നിന്നാണ്. അതിൽ തന്നെ കുടുംബനാഥന്റെ മദ്യപാനമാണ് കുട്ടികളിൽ ക്രിമിനൽ വാസന വളർത്തുന്നതെന്ന് എനിക്ക് തോന്നിയിട്ടുണ്ട്. അച്ഛനെ കണ്ട് മക്കൾ മദ്യപിക്കാൻ തുടങ്ങും. ചിലപ്പോഴൊക്കെ അച്ഛനും മക്കളും ഒന്നിച്ചിരുന്ന് മദ്യപിക്കുന്ന സാഹചര്യങ്ങളുമുണ്ട്. പിന്നീട് മക്കൾ മദ്യപാനത്തിന് അടിമകളായി ക്രിമിനലുകളാകുന്ന ധാരാളം കേസുകൾ ഓരോ പൊലീസുകാരനും പറയാനുണ്ടാകും. മദ്യമുണ്ടാക്കുന്ന ആഘാതം കുടുംബങ്ങളിൽ വളരെ വലുതാണ്. മദ്യപാനിയായ പിതാവിന്റെ അക്രമസ്വഭാവവും ധൂർത്തും സംശയരോഗവുമെല്ലാം കണ്ടുവളരുന്ന കുട്ടി അത് നോർമലാണെന്ന് ധരിച്ച് അതേ പാത പിന്തുടരുന്നത് കാണാറുണ്ട്. അതിൽ കുട്ടികളെ മാത്രം കുറ്റപ്പെടുത്താനാകുമെന്നു തോന്നുന്നില്ല.

*?ഇന്നത്തെ യുവതലമുറയുടെ മാനസികാരോഗ്യക്കുറവും ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാനുള്ള ഉത്സാഹക്കുറവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?*

● മാനസികാരോഗ്യത്തിന് വേണ്ടത്ര പരിഗണന നമ്മുടെ സമൂഹത്തിൽ ലഭിക്കുന്നില്ല എന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. ഒരു പ്രയാസമുണ്ടായാൽ അത് എവിടെ പോയി പറയണം എന്നു പോലും അറിയാത്തവരുണ്ട്. ആ ഒരു മേഖലയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചാൽ കുറേ മാറ്റങ്ങൾ നമ്മുടെ സമൂഹത്തിൽ കൊണ്ടുവരാൻ കഴിയും. സർക്കാർതലത്തിൽ ഒരു റിസോഴ്സ് കാര്യക്ഷമമായി പ്രവർത്തിച്ചാൽ ലഹരി ഉപയോഗവും അതുവഴിയുണ്ടാകുന്ന കുടുംബ പ്രശ്നങ്ങളുമെല്ലാം ഒരുപരിധിവരെ കുറയ്ക്കാൻ സാധിക്കും എന്ന് 'ഓപ്പറേഷൻ തൂഫാൻ' ലഹരി വേട്ടയിലൂടെ തെളിയിക്കപ്പെട്ടുകഴിഞ്ഞു. ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുവാൻ ഇന്ന് പൊതുവെ യുവജനങ്ങൾക്ക് മടിയാണെന്നു തോന്നുന്നു. പണ്ട് 21 വയസ്സ് ആകുമ്പോഴേക്കും കുടുംബഭാരം ഏറ്റെടുക്കാൻ അക്കാലത്തെ യുവജനങ്ങൾ നിർബന്ധിതരായിരുന്നു. എന്നാൽ ഇന്ന് കുറേക്കൂടികാലം സ്വതന്ത്രമായി നടക്കാനുള്ള വഴികളാണ് യുവതലമുറ തേടുന്നതെന്ന് തോന്നിയിട്ടുണ്ട്. അവരുടെ കഴിവിന് അനുസരിച്ചുള്ള ജോലി ലഭിക്കാത്തതും ഇതിനൊരു കാരണമാണെന്നു തോന്നുന്നു.

*?ജീവിതത്തിൽ നിരവധി പ്രതിസന്ധികൾ നേരിടുന്ന യുവതലമുറയ്ക്ക് നൽകാനുള്ള സന്ദേശം എന്താണ്?*

● പലപ്പോഴും നമ്മൾ മറ്റുള്ളവരുടെ വിജയം മാത്രമേ കാണുന്നുള്ളൂ. ആ വിജയയാത്രയിൽ അവർ നിരവധി പരാജയങ്ങൾ ഏറ്റുവാങ്ങിയാണ് വിജയിച്ചത് എന്ന് ആരും അറിയുന്നില്ല. പരാജയം എല്ലാവരുടെയും ജീവിതത്തിന്റെ ഭാഗമാണ്. തോൽവികളും അബദ്ധങ്ങളുമെല്ലാം പിന്നിട്ടാണ് ഒരാൾ വിജയപീഠമേറുന്നത്. അതുകൊണ്ട് ജീവിതത്തിൽ സംഭവിക്കുന്ന പരാജയങ്ങളിലും അബദ്ധങ്ങളിലുമെല്ലാം പിന്തിരിഞ്ഞു നിൽക്കാതെ, അതിനെ അതിജീവിച്ച് മുന്നോറാൻ പരിശ്രമിക്കണം. ഒരിക്കലും നിരാശയിലേക്കു പോകാതെ തോൽവിയിൽ നിന്ന് പാഠങ്ങൾ പഠിക്കുകയാണ് വേണ്ടത്

# ബന്ധങ്ങളിലെ 'ന്യൂജെൻ' പരീക്ഷണങ്ങൾ

കുടുംബമൂല്യങ്ങൾ തകരുമ്പോൾ വിശ്വസ്തത, വിശുദ്ധി, സ്നേഹം, ആത്മസമർപ്പണം തുടങ്ങിയ മാനുഷിക മൂല്യങ്ങളും ദുർബലമാകുന്നു. വിശ്വസ്തമായ ദാമ്പത്യത്തിന്റെ സൗന്ദര്യവും വിശുദ്ധമായ കുടുംബജീവിതത്തിന്റെ മഹത്വവും, ദൈവകേന്ദ്രീകൃതമായ സ്നേഹത്തിന്റെ സന്തോഷവും ഉയർത്തിപ്പിടിക്കുന്ന കുടുംബങ്ങളെയാണ് ഇന്ന് സഭയ്ക്കും ലോകത്തിനും ആവശ്യം.



റവ. ഡോ. ടോം തോമസ്
പന്നലക്കുന്നേൽ MSFS
(ഡയറക്ടർ, ഡി-കെയർ, മക്കിയാട്)

കുടുംബം സ്നേഹത്തിന്റെ ആദ്യ പാഠശാലയാണ്. കുടുംബത്തിൽ പഠിക്കുന്ന സ്നേഹവും ത്യാഗവും ജീവിതത്തെ മനോഹരമാക്കുന്നു. അതുകൊണ്ടാണ് 'കുടുംബം ഒരു വീടല്ല; സ്നേഹത്തോടെ പരസ്പരം ചുമന്ന് നടക്കുവാൻ പഠിപ്പിക്കുന്ന ഹൃദയങ്ങളുടെ വിശുദ്ധാലയമാണ്' എന്നു പറയുന്നത്.

എന്നാൽ ആധുനിക സമൂഹത്തിൽ കുടുംബജീവിതത്തെയും മനുഷ്യബന്ധങ്ങളെയും കുറിച്ചുള്ള ധാരണകളിൽ വലിയ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. പല ബന്ധങ്ങളും ഇന്ന് സ്ഥിരതയും ഉത്തരവാദിത്വവും ഒഴിവാക്കുന്ന രീതിയിലേക്ക് നീങ്ങുന്നു.

## ലിവിങ് ടുഗതർ

വിവാഹം കഴിക്കാതെ ഭാര്യാ ഭർത്താക്കന്മാരെപ്പോലെ രണ്ടുപേർ ഒരുമിച്ചു ജീവിക്കുന്ന രീതിയാണിത്. വിവാഹത്തിന്റെ സ്ഥിരതയും പ്രതിബദ്ധതയും ഒഴിവാക്കാൻ ശ്രമിക്കുന്നു.

## സിറ്റുവേഷൻഷിപ്പ്

സൗഹൃദത്തിനും പ്രണയത്തിനും ഇടയിലുള്ള, വ്യക്തമായ നിർവചനമോ പ്രതിബദ്ധതയോ ഇല്ലാത്ത ഒരു ബന്ധമാണിത്. ഇതിൽ രണ്ടുപേർ ഒരുമിച്ച് സമയം ചിലവഴിക്കുകയും വികാരങ്ങൾ പങ്കുവയ്ക്കുകയും ചെയ്യാം. പക്ഷേ, അവർ തങ്ങളുടെ ബന്ധത്തെ ഒരു സ്ഥിരമായ പ്രണയബന്ധമായി അംഗീകരിക്കുകയോ ഭാവിയെക്കുറിച്ച് വ്യക്തത നൽകുകയോ ചെയ്യുന്നില്ല. പ്രതിബദ്ധതയോ വ്യക്തമായ നിർവചനമോ ഇല്ലാതെ, സൗഹൃദത്തിനും പ്രണയത്തിനുമിടയിൽ നിൽക്കുന്ന അനിശ്ചിതമായ വികാര ബന്ധമാണ് സിറ്റുവേഷൻഷിപ്പ്.

## ഫ്രണ്ട്സ് വിത്ത് ബെനിഫിറ്റ്

രണ്ട് സുഹൃത്തുക്കൾ തമ്മിൽ പ്രണയപരമായ പ്രതിബദ്ധതയോ വിവാഹ ലക്ഷ്യമോ ഇല്ലാതെ, ശാരീരിക അടുപ്പം ഉൾപ്പെടുന്ന ബന്ധമാണ് ഫ്രണ്ട്സ് വിത്ത് ബെനിഫിറ്റ്സ്. അവർ സുഹൃത്തുക്കളായി തുടരുമ്പോഴും, ബന്ധത്തിൽ ചില പ്രണയദമ്പതികൾ പങ്കിടുന്ന ശാരീരിക ഘടകങ്ങൾ ഉണ്ടാകാം. ഇത്തരം ബന്ധങ്ങളിൽ പലപ്പോഴും വികാരപരമായ ആശയക്കുഴപ്പങ്ങളും പ്രതീക്ഷകളിലെ വ്യത്യാസങ്ങളും ഉണ്ടാകാൻ സാധ്യതയുണ്ട്.

## ഓപ്പൺ റിലേഷൻഷിപ്പ്

ദമ്പതികൾ പരസ്പര സമ്മതത്തോടെ തങ്ങളുടെ പ്രധാന ബന്ധം നിലനിർത്തിക്കൊണ്ട്, മറ്റുള്ളവരുമായി പ്രണയപരമോ ശാരീരികമോ ആയ ബന്ധങ്ങൾക്ക് അനുവാദം




നൽകുന്ന രീതിയാണിത്. പരമ്പരാഗതമായി ഏകപത്നീ അല്ലെങ്കിൽ ഏക ഭർതൃ ബന്ധങ്ങളിൽ നിന്ന് വ്യത്യസ്തമായ ഒരു രീതിയാണ്.

## ട്രയൽ റിലേഷൻഷിപ്പ്

പരീക്ഷണ ബന്ധം അല്ലെങ്കിൽ പരീക്ഷണാത്മക ബന്ധം എന്നത് ദീർഘകാല പ്രതിബദ്ധതയിലേക്കോ വിവാഹത്തിലേക്കോ കടക്കുന്നതിന് മുമ്പ്, ഒരുമിച്ച് ജീവിക്കാനോ അടുത്ത ബന്ധത്തിൽ തുടരാനോ ഞങ്ങൾ അനുയോജ്യരാണോ എന്ന് പരിശോധിക്കുവാനായി ആരംഭിക്കുന്ന ബന്ധമാണ്.

## റീബൗണ്ട് റിലേഷൻഷിപ്പ്

റീബൗണ്ട് റിലേഷൻഷിപ്പ് എന്നത് പ്രണയബന്ധം അവസാനിച്ചതിന് ശേഷം ഉണ്ടാകുന്ന വേദന, ദുഃഖം, ഏകാന്തത അല്ലെങ്കിൽ നിരാശ എന്നിവയിൽ നിന്ന് ആശ്വാസം കണ്ടെത്തുവാനായി ഒരാൾ വേഗത്തിൽ മറ്റൊരു ബന്ധത്തിലേക്ക് കടക്കുന്നതാണ്. മുൻ പ്രണയബന്ധത്തിന്റെ പരാജയത്തിൽ നിന്നുരുത്തിരിയുന്ന വൈകാരിക മുറിവുകൾ മറികടക്കാൻ ആരംഭിക്കുന്ന ഈ ബന്ധത്തിന് സ്ഥിരതയും വ്യക്തതയും കുറവായിരിക്കും

## ഡേറ്റിങ് റിലേഷൻഷിപ്പ്

പാശ്ചാത്യ രാജ്യങ്ങളിൽ സർവ്വസാധാരണമായ പ്രതിഭാസമാണ് ഡേറ്റിങ്. രണ്ട് പേർ പരസ്പരം കുടുതൽ മനസിലാക്കുന്നതിനും പ്രണയബന്ധത്തിന്റേയോ വിവാഹത്തിന്റെയോ സാധ്യതകൾ മനസിലാക്കുന്നതിനുമായി ഒരുമിച്ച് സമയം ചിലവഴിക്കുകയും അടുത്ത ബന്ധം പുലർത്തുകയും ചെയ്യുന്ന രീതിയാണിത്. ചിലപ്പോൾ സ്വാതന്ത്ര്യം ദുരുപയോഗിക്കുകയും ഡേറ്റ് റേപ്പ് പോലെയുള്ള അപകടങ്ങളിൽ ഇത്തരം ബന്ധങ്ങൾ എത്തിച്ചേരുകയും ചെയ്യാറുണ്ട്.

## കുടുംബജീവിതത്തിന്റെ പവിത്രത

മേൽ പ്രസ്താവിച്ച ജീവിത രീതികളൊക്കെ സാധാരണവത്ക്കരിക്കപ്പെടുകയും, പലരും അവയെ വ്യക്തിസ്വാതന്ത്ര്യത്തിന്റെ അടയാളമായി കാണുകയും ചെയ്യുന്നുവെങ്കിലും, പരമ്പരാഗത കുടുംബമൂല്യങ്ങളുടെ പശ്ചാത്തലത്തിൽ ഇവ വലിയ വെല്ലുവിളികളാണ്. പ്രത്യേകിച്ച് ക്രൈസ്തവ ദർശനത്തിൽ കുടുംബം ദൈവത്തിന്റെ ഏറ്റവും മനോഹരമായ സമ്മാനമാണ്. അത് ഒരു ദൈവിക വിളിയും വിശുദ്ധ ബന്ധവുമാണ്. വിവാഹം വെറും സാമൂഹിക കരാറോ താൽക്കാലിക വികാരബന്ധമോ അല്ല; അത് വിശ്വാസം, വിശ്വസ്ഥത, ത്യാഗം, ഉത്തരവാദിത്തം, ജീവന്റെ സ്വീകരണം എന്നിവയുടെമേൽ ഉറപ്പിച്ച ഒരു വിശുദ്ധ ഉടമ്പടിയാണ്. അത് ദൈവസ്നേഹത്തിന്റെ പ്രതിഫലനമാണ്.

കുടുംബമൂല്യങ്ങൾ തകരുമ്പോൾ വിശ്വസ്ഥത, വിശുദ്ധി, സ്നേഹം, ആത്മസമർപ്പണം തുടങ്ങിയ മാനുഷിക മൂല്യങ്ങളും ദുർബലമാകുന്നു. വിശ്വസ്ഥമായ ദാമ്പത്യത്തിന്റെ സൗന്ദര്യവും വിശുദ്ധമായ കുടുംബജീവിതത്തിന്റെ മഹത്വവും, ദൈവകേന്ദ്രീകൃതമായ സ്നേഹത്തിന്റെ സന്തോഷവും ഉയർത്തിപ്പിടിക്കുന്ന കുടുംബങ്ങളെയാണ് ഇന്ന് സഭയ്ക്കും ലോകത്തിനും ആവശ്യം. ശക്തമായ കുടുംബങ്ങൾ പിറക്കുന്നത് താൽക്കാലിക സന്തോഷത്തിൽ നിന്നല്ല. വിശ്വസ്തതയിൽ നിന്നാണ്. സൗകര്യത്തിൽ നിന്നല്ല, പ്രതിബദ്ധതയിൽ നിന്നാണ്, സ്വാർത്ഥതയിൽ നിന്നല്ല ത്യാഗത്തിൽ നിന്നാണ്. കടന്ന് പോകുന്ന വികാരങ്ങളിൽ നിന്നല്ല, നിലനിൽക്കുന്ന സ്നേഹത്തിൽ നിന്നാണ്. സമൂഹത്തിന്റെ ഭാവി കുടുംബഭദ്രതയോട് ചേർന്നിരിക്കുന്നു. കുടുംബങ്ങൾ ശക്തമായാൽ കുട്ടികളും, വ്യക്തികളും, സമൂഹവും, സംസ്കാരവും ശക്തമാകും. സന്തോഷമുള്ള ഒരു ജനത ഉണ്ടാവുകയും ചെയ്യും.

ഇത്തരം ജീവിതശൈലികൾ വ്യക്തികൾക്ക് സ്വാതന്ത്ര്യവും വൈകാരിക സംതൃപ്തിയും നൽകുമെന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും ധാർമികവും ആത്മീയവുമായ നിരവധി ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്.

## വെല്ലുവിളികൾ

- സ്ഥിരതയുള്ള പ്രതിബദ്ധതയുടെ അഭാവം.
- കുടുംബജീവിതത്തിന്റെ പവിത്രതയും ഉറപ്പും സുരക്ഷിതത്വവും കുറയുന്നു.
- വിവാഹത്തെ ഒരു വിശുദ്ധ ഉടമ്പടിയായി കരുതുന്ന കാഴ്ചപ്പാട് മാറുന്നു.

## ആശങ്കകൾ

ഈ ബന്ധങ്ങളിൽ പലതിനുമുള്ള ചില പൊതുസവിശേഷതകൾ:

- സ്ഥിരമായ പ്രതിബദ്ധതയോടുള്ള ഭയം.
- ലൈംഗികതയെ വിവാഹത്തിൽ നിന്നും വേർപ്പെടുത്തൽ.
- സ്വാർത്ഥ സംതൃപ്തിക്ക് അമിത പ്രാധാന്യം.
- ധാർമ്മിക മൂല്യങ്ങളിലെ ആപേക്ഷികത.
- കുടുംബസ്ഥാപനത്തിന്റെ ദുർബലീകരണം.
- മാനസികവും ആത്മീയവുമായ മുറിവുകൾ.

## സഭയുടെ പഠനം

കത്തോലിക്കാ സഭ പഠിപ്പിക്കുന്നത് ലൈംഗിക ഐക്യം വിവാഹത്തിന്റെ വിശുദ്ധ ബന്ധത്തിനുള്ളിലായിരിക്കണം എന്നാണ്. വിവാഹം ഒരു സാമൂഹിക കരാർ മാത്രമല്ല, ദൈവസന്നിധിയിൽ സ്ഥാപിതമായ ഒരു ജീവിതകാല ഉടമ്പടിയാണ്. അതിനാൽ വിവാഹത്തെ മാറ്റി നിർത്തിയുള്ള സഹവാസം മാനുഷികവും ധാർമ്മികവുമായ മൂല്യച്യുതിയാണ്.

കത്തോലിക്കാ സഭയുടെ പഠനങ്ങൾ വിലക്കുകളുടെ പട്ടികയല്ല, മറിച്ച് മനുഷ്യന്റെ അന്തസ്സിനെയും യഥാർത്ഥ സ്നേഹത്തെയും സ്ഥിരമായ സന്തോഷത്തെയും സംരക്ഷിക്കുന്ന ജീവിത ദർശനമാണ്. ആധുനിക ബന്ധ പ്രവണതകൾ സ്വാതന്ത്ര്യവും സൗകര്യവും വാഗ്ദാനം ചെയ്യുന്നുവെങ്കിലും ക്രൈസ്തവ വിശ്വാസം പഠിപ്പിക്കുന്നത് യഥാർത്ഥ സന്തോഷം വിശ്വസ്ഥതയിലും പ്രതിബദ്ധതയിലും പവിത്രതയിലും ത്യാഗപൂർണ്ണമായ സ്നേഹത്തിലുമാണ് എന്നതാണ്.

### വേദനകളില്ലാത്ത ലോകത്തേക്ക് മടങ്ങിയ പൊന്നോമനയ്ക്ക് കണ്ണീർപ്രണാമം



*ഒരു കുഞ്ഞുപുഞ്ചിരിക്കായി ആയിരങ്ങൾ കൊതിക്കുന്ന നാട്ടിലാണ്, സ്വന്തം അമ്മയുടെയും രണ്ടാനച്ഛന്റെയും കൊടുംക്രൂരതയ്ക്ക് ഇരയായി നെടുമങ്ങാട്ടെ ഒന്നരവയസ്സുകാരൻ അർഷാദ് പിടഞ്ഞുമരിച്ചത്. 'നിന്റെ സഹോദരന്റെ രക്തം മണ്ണിൽ നിന്ന് എന്നെ വിളിച്ചു കരയുന്നു' എന്ന് നിഷ്കളങ്കനായ ആബേലിനെ കൊലചെയ്ത കായേനോട് ദൈവം അരുളിച്ചെയ്തതുപോലെ, സ്വന്തം വീടിനുള്ളിൽ ശ്വാസംമുട്ടിയ ആ ചോരക്കുഞ്ഞിന്റെ നിസ്സഹായമായ വിലാപങ്ങൾക്ക് മുന്നിൽ കേരളത്തിന്റെ മനസ്സാക്ഷി നീറുകയാണ്. ഇനിയൊരു പിഞ്ചുപൈതലിനും ഈ ദുരവസ്ഥ വരാത്തവിധം കുറ്റവാളികൾക്ക് അർഹിക്കുന്ന പരമാവധി ശിക്ഷ നീതിന്യായ പീഠങ്ങൾ ഉറപ്പാക്കേണ്ടതുണ്ട്; വേദനകളില്ലാത്ത ലോകത്തേക്ക്, മാലാഖമാരുടെ അടുത്തേക്ക് മടങ്ങിയ ആ പൊന്നോമനയ്ക്ക് കണ്ണീർപ്രണാമം.*

# ഫുഡ് വൈബ് പണിയാകല്ലേ!



ഭക്ഷണം കഴിക്കുന്ന സമയം ഫോൺ മാറ്റിവെച്ച്, ആഹാരത്തിന്റെ രുചിയറിഞ്ഞ് നന്ദിയോടെ കഴിക്കുന്ന 'മൈൻഡ്ഫുൾ ഈറ്റിങ്' ആണ് ഇന്നത്തെ കാലത്ത് എല്ലാവർക്കും ചെയ്യാൻ പറ്റിയ ഏറ്റവും മികച്ച ലൈഫ് സ്റ്റൈൽ ഹാക്ക്



ജ്യോതി ജെയിംസ്
(ക്ലിനിക്കൽ ഡയറ്റീഷ്യൻ & ന്യൂട്രീഷനിസ്റ്റ്
ഗവൺമെന്റ് താലൂക്ക് ഹോസ്പിറ്റൽ
ഫറോക്ക്, കോഴിക്കോട്)

പാതിരാത്രിയിലെ ചീസി ബർഗർ റീൽസും ഓൺലൈൻ ഫുഡ് ആപ്പുകളിലെ ഓഫറുകളുമാണ് ഇന്നത്തെ 5G തലമുറയുടെ 'ഫുഡ് വൈബുകൾ.' എന്നാൽ ഈ താല്ക്കാലിക രുചികൾക്ക് പിന്നാലെ പായുമ്പോൾ ചെറുപ്പക്കാർ ചെന്നുചാടുന്നത് വലിയൊരു ആരോഗ്യക്കെണിയിലാണ്. പണ്ട് പ്രായമായവരെ മാത്രം ബാധിച്ചിരുന്ന പൊണ്ണത്തടി, ക്യാൻസർ, ഡയബറ്റിസ്, പ്രഷർ തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾ ഇന്ന് യുവാക്കളെയാണ് ലക്ഷ്യം വെക്കുന്നത്. ഇതിനെല്ലാമുപരി, ഇന്നത്തെ പെൺകുട്ടികളിൽ ഭൂരിഭാഗവും നേരിടുന്ന PMOS/PCOS,യുവതലമുറയിലെ വന്ധ്യതാ പ്രശ്നങ്ങൾ എന്നിവയുടെയൊക്കെ പ്രധാന വില്ലൻ ഈ മോശം ഭക്ഷണരീതിയാണ്. നമ്മുടെ ശരീരത്തെയും മനസ്സിനെയും ബഹുമാനിക്കുക എന്നതാണ് ഏറ്റവും വലിയ ആത്മീയത. ശരീരത്തിന് രോഗം വരുമ്പോൾ ഉള്ളിലെ സമാധാനവും ഊർജ്ജവും തകരും. അതുകൊണ്ടാണ് 'ആരോഗ്യം നഷ്ടപ്പെട്ടാൽ ആത്മാവും ക്ഷീണിക്കും' എന്ന് പറയുന്നത്.

**കുടൽ 'രണ്ടാമത്തെ തലച്ചോർ'**



നമ്മൾ വിചാരിക്കുന്നത് നമ്മുടെ ചിന്തകളും മൂഡും ഒക്കെ നിയന്ത്രിക്കുന്നത് 'തലച്ചോറ്' മാത്രമാണെന്നാണ്. എന്നാൽ ആധുനിക ശാസ്ത്രം പറയുന്നത് നമ്മുടെ വയർ രണ്ടാമത്തെ തലച്ചോറാണ് എന്നാണ്. ശാസ്ത്രം ഇതിനെ 'ഗട്ട്-ബ്രെയിൻ ആക്സിസ്' എന്ന് വിളിക്കുന്നു. സന്തോഷവും സമാധാനവും നൽകുന്ന ഹോർമോണുകൾ ഭൂരിഭാഗവും ഉത്പാദിപ്പിക്കപ്പെടുന്നത് കുടലിലാണ്. ഫാസ്റ്റ് ഫുഡും കൃത്രിമ മധുരവും നിരന്തരം കഴിക്കുമ്പോൾ ഈ ദഹനവ്യവസ്ഥയുടെ താളം തെറ്റുന്നു. ഫലം ശരീരത്തിന് മാത്രമല്ല മനസ്സിനും ക്ഷീണം; പെട്ടെന്ന് ദേഷ്യം വരിക, മൂഡ് മാറുക, ഉത്കണ്ഠ എന്നിവയൊക്കെ ഇതിന്റെ ഭാഗമാണ്. ചുരുക്കത്തിൽ, മോശം ഭക്ഷണം നമ്മുടെ മാനസികാവസ്ഥയെയും പൂർണ്ണമായി തളർത്തിക്കളയും.

**ലൈഫ് സ്റ്റൈൽ മാറ്റാം**

**1. സിംപിൾ ബ്ലഡ് ടെസ്റ്റുകൾ:** രോഗങ്ങൾ നിശബ്ദമായാണ് വരുന്നത്. വർഷത്തിൽ ഒരിക്കലെങ്കിലും ലളിതമായ ചില ബ്ലഡ് ടെസ്റ്റുകളും (Lipid profile, HbA1c, Vitamin D, Thyroid) ഹെൽത്ത് ചെക്കപ്പുകളും ചെയ്യുന്നത് വലിയ അപകടങ്ങളെ തുടക്കത്തിലേ തടയും.

**2. വ്യായാമം:** ദിവസവും 30 –40 മിനിറ്റ് നടക്കുകയോ, ശാരീരിക അധ്വാനത്തിൽ ഏർപ്പെടുകയോ ചെയ്യുന്നത് ശരീരത്തിലെ 'ഹാപ്പി ഹോർമോണുകൾ' കൂട്ടും.

**3. ക്വാളിറ്റിയുള്ള ഉറക്കം:** രാത്രിയിലെ വൈകിയുള്ള ഫോൺ / സ്ക്രീൻ ഉപയോഗം ഉറക്കത്തെ നശിപ്പിക്കുകയും ഹോർമോൺ വ്യതിയാനങ്ങൾക്കും അമിതവണ്ണത്തിനും കാരണമാവുകയും ചെയ്യും.

**4. ഹൈഡ്രേഷൻ:** ദിവസവും ആവശ്യത്തിന് വെള്ളം കുടിക്കുന്നത് ശരീരത്തിന്റെ പ്രവർത്തനങ്ങളെ സുഗമമാക്കാനും ക്ഷീണം കുറയ്ക്കാനും സഹായിക്കും.

ഭക്ഷണം കഴിക്കുന്ന സമയം ഫോൺ മാറ്റിവെച്ച്, ആഹാരത്തിന്റെ രുചിയറിഞ്ഞ് നന്ദിയോടെ കഴിക്കുന്ന 'മൈൻഡ്ഫുൾ ഈറ്റിങ്' ആണ് ഇന്നത്തെ കാലത്ത് എല്ലാവർക്കും ചെയ്യാൻ പറ്റിയ ഏറ്റവും മികച്ച ലൈഫ് സ്റ്റൈൽ ഹാക്ക്. നല്ല ഭക്ഷണം തിരഞ്ഞെടുക്കുക എന്നത് ശരീരത്തോട് കാണിക്കുന്ന ബഹുമാനമാണ്. ഫാസ്റ്റ് ഫുഡിന്റെ താല്ക്കാലിക രുചികളിൽ വീണ് നമ്മുടെ വൈബ് കളയാതിരിക്കാം. ഓർക്കുക, ഹെൽത്തിയായ ശരീരത്തിലേ സമാധാനമുള്ളൊരു മനസ്സിന് വസിക്കാനാകൂ!





# യുവതയുടെ വളർച്ചയും വളവു നികത്തലും



ഫാ. ജേക്കബ് ചക്കാത്ര
(സീറോ മലബാർ യൂത്ത് മൂവ്മെന്റ്
ഗ്ലോബൽ ഡയറക്ടർ)

ക്രിസ്തീയ യുവത്വം എന്നത് ക്രിസ്തുകേന്ദ്രീകൃത മൂല്യങ്ങളിലും വിശ്വാസത്തിലും അധിഷ്ഠിതമായ ഒരു ജീവിതശൈലിയാണ്. നിർമ്മിത ബുദ്ധിയുടെ നിലയ്ക്കാത്ത മാറ്റങ്ങൾ അതിശയങ്ങളുടെ ആകാരങ്ങളിലേക്ക് ഉയരുമ്പോഴും എല്ലാ മാറ്റങ്ങൾക്കും കാരണമായ മാറ്റമില്ലാത്തൊരു സത്യത്തെ ചിന്തിക്കാനും ആ മാറ്റമില്ലാത്ത സത്യം ദൈവമാണെന്ന് തിരിച്ചറിഞ്ഞ് മാറ്റങ്ങളിലൂടെ കടന്നുപോകുന്ന ലോകത്തിന് ഒരു സത്ചിന്ത ദിശാസൂചി ആകേണ്ടവരാണ് യുവജനങ്ങൾ.

പരമ്പരാഗതമായ മതവിശ്വാസങ്ങളോടുള്ള ഒരു അകൽച്ചയും സ്വതന്ത്ര ചിന്തയുടെ വളർച്ചയും ഇന്ന് യുവജനങ്ങളിൽ കൂടുതലായി കണ്ടുവരുന്നതായി ആഗോളതലത്തിൽ തന്നെ ചർച്ചചെയ്യപ്പെടുന്നുണ്ട്. ഇപ്രകാരം ഒരു മാറ്റത്തിന് കാരണങ്ങൾ ഉണ്ട്.

## ശാസ്ത്ര – സാങ്കേതിക വളർച്ച

ശാസ്ത്രത്തിന്റെ വളർച്ചയും ഇന്റർനെറ്റ് പ്രോഗ്രാമുകളുടെ വികാസവും ചോദ്യങ്ങൾ ചോദിക്കുവാനും സംശയ നിവാരണങ്ങൾ നടത്തുവാനുമുള്ള പുതിയ തലമുറയുടെ കഴിവിനെ വർദ്ധിപ്പിച്ചു. വിശ്വാസങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും മേൽ പുതുതലമുറയ്ക്ക് അവരുടെ യുക്തിക്ക് അനുസൃതമായിട്ടുള്ള മറുപടി ശാസ്ത്രീയമായി ലഭിച്ചു.

## വിവരസാങ്കേതിക വിദ്യയുടെ വിപ്ലവം

സോഷ്യൽ മീഡിയ, പോഡ്കാസ്റ്റുകൾ, പുസ്തകങ്ങൾ എന്നിവയിലൂടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള വ്യത്യസ്ത ചിന്താഗതികളെ അടുത്തറിഞ്ഞപ്പോൾ ഒരു പ്രത്യേക ചിന്താഗതിയിൽ മാത്രം ഒതുങ്ങി നിൽക്കുന്നതിൽ നിന്ന് യുവജനങ്ങളെ പിന്തിരിപ്പിച്ചു.

## വ്യക്തി സ്വാതന്ത്ര്യം

മതപരമായ പലവിലക്കുകളും തങ്ങളുടെ സ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റമായി യുവതലമുറ കാണുന്നു. യുവതലമുറയുടെ അന്വേഷണ ത്വരയെ അഭിനന്ദിക്കുകയും ശരിയായ പ്രബോധനങ്ങളിലൂടെ അവരെ നയിക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. ഒരു പക്ഷേ, സമയാസമയങ്ങളിലുള്ള ഇടപെടലുകൾ കുറച്ചുകൂടി ത്വരിതപ്പെടുത്തേണ്ടിയിരിക്കുന്നു. യുവജനങ്ങൾ കാര്യങ്ങളെ കാര്യകാരണസഹിതം മനസ്സിലാക്കാൻ താല്പര്യപ്പെടുന്നവരാണ്. സഭയുടെ പരമ്പരാഗതമായ പഠനങ്ങളും മറ്റും ചോദ്യം ചെയ്യപ്പെടുമ്പോൾ അവരെ നിരുത്സാഹപ്പെടുത്താതെ ഒരു ക്രിയാത്മ സംവാദത്തിന് അവസരമുണ്ടാക്കണം. ഈ സംവാദം മുൻവിധികൾ ഇല്ലാതെയുള്ള തുറന്ന ചർച്ചകളാകണം.

## കാഴ്ചപ്പാടുകളിലെ വ്യത്യാസം

കാലം മാറുന്നതനുസരിച്ച് സഭയുടെ ചില സമീപനങ്ങൾ മാറുന്നില്ല എന്ന ചിന്ത യുവജനങ്ങൾക്കിടയിൽ വളരുന്നുണ്ട്. വസ്ത്രധാരണം, സൗഹൃദങ്ങൾ, കരിയർ തുടങ്ങി പല കാര്യങ്ങളിലും സഭ കാർക്കശ്യത്തോടെ പെരുമാറുന്നു എന്നാണ് ചില യുവജന സംവാദങ്ങളിലെ അഭിപ്രായം. കടുത്ത മാനസിക സമ്മർദ്ദങ്ങളിലൂടെയും കരിയർ വെല്ലുവിളികളിലൂടെയും കടന്നുപോകുന്ന യുവതിയുവാക്കന്മാർക്ക് വേണ്ടത്ര പിന്തുണയോ കൗൺസിലിങ്ങോ ലഭിക്കുന്നില്ല എന്നൊരു പരാതിയും ഉയർന്നു വരാറുണ്ട്.

## എന്തു ചെയ്യാം? എന്തു ചെയ്യണം?

നിർമ്മിതബുദ്ധിയുടെ പുതിയ ലോകത്ത്, എന്തിനും ഏതിനും ഉത്തരങ്ങൾ അതിശീഘ്രം ലഭിക്കുന്ന നേരത്ത് ബൗദ്ധികമായി മാത്രം ജീവിക്കുന്നവനല്ല മനുഷ്യനെന്നും മനുഷ്യ ജീവിതമെന്നത് ആത്മീയതയുടെയും ഭൗതികതയുടെയും സമ്മേളിക്കലാണ് എന്ന ബോധ്യം ഉറപ്പിച്ചു കൊടുക്കണം. സഭ ആത്മീയ മാർഗ്ഗങ്ങളിൽ ഊന്നിനിന്ന് സാധാരണമനുഷ്യന്റെ പച്ചയായ ജീവിതത്തിൽ, അവൻ അഭിമുഖീകരിക്കുന്ന അനുദിന ജീവിത സാഹചര്യങ്ങളെ കൈകാര്യം ചെയ്യാൻ പഠിപ്പിക്കണം. പ്രത്യേകിച്ച് യുവജനങ്ങളിൽ സഭ കൂടെ നടക്കുന്നു എന്ന ഒരു ചിന്ത ആഴപ്പെടണം. മുന്നിലോ പിന്നിലോ അല്ല ഞാൻ നിന്റെ കൂടെയുണ്ട് എന്നു പറയുമ്പോൾ അതിലൊരു വിശ്വാസ്യതയുണ്ട്.

മുതിർന്ന തലമുറ നല്ല മാതൃക നൽകി കടന്നുപോകണം. പ്രാർത്ഥിക്കാൻ പ്രേരണ നൽകുന്നവർ മാത്രമാകാതെ പ്രാർത്ഥിക്കുന്നവരാകണം. ചോദ്യങ്ങൾ ചോദിക്കുന്നവർ മാത്രമാകാതെ ചോദ്യം ചെയ്യപ്പെടുന്ന അവസരങ്ങളിൽ ശരിയായ ഉത്തരങ്ങൾ കരുതിവച്ചവരുമാകണം.

'പ്രസംഗിക്കുന്നവർ പ്രവർത്തിക്കുന്നില്ല' എന്ന ചിന്ത ആധുനിക യുവത്വത്തെ ആത്മീയതയിൽ നിന്ന് അകറ്റുന്നു എന്ന് ചെറുപ്പക്കാർ തന്നെ അവകാശപ്പെടുമ്പോൾ ആത്മീയ നേതാക്കന്മാർ അതു സഭയിലും കുടുംബത്തിലും അത്യാവശ്യമായ മാറ്റങ്ങൾക്ക് വിധേയപ്പെടണം. സാമ്പത്തിക-ധാർമിക വീഴ്ചകളും ആഭ്യന്തര തർക്കങ്ങളും വേണ്ടവിധത്തിൽ പരിഹരിക്കപ്പെടണം. എല്ലാം എപ്പോഴും പരിഹരിക്കപ്പെടണമെന്നോ പൂർണ്ണമാക്കപ്പെടണമെന്നോ ഇല്ല, എങ്കിലും മുൻപിലുള്ള ഒരു തലമുറയെ ആത്മീയമായും ഭൗതികമായും വളർത്തിയെടുക്കാനുള്ള ശ്രമത്തെ തീവ്രമാക്കുക.

# മാതൃകയാകാം, മാറ്റം തുടങ്ങാം!

**നാട്ടിൽ മുതൽമുടക്കി പുതിയ സംരംഭങ്ങൾക്ക് തുടക്കം കുറിക്കുമ്പോഴാണ് നാടിന് വളർച്ചയുണ്ടാകുന്നത്. ഇക്കാര്യത്തിൽ മറ്റു സമുദായങ്ങളേക്കാൾ വളരെ പിന്നിലാണ് നാം.**



**ജേക്കബ് കോച്ചേരി**
(റിട്ട. പ്രിൻസിപ്പൽ,
സെന്റ് മേരീസ് എച്ച്എസ്എസ്, മരുതോങ്കര)



> ചെറുപ്രായത്തിൽ തന്നെ കുട്ടികളുടെ അഭിരുചിക്ക് അനുസരിച്ച് അവരെ വളർത്താൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. കാർഷിക, വ്യാവസായികരംഗങ്ങളിൽ ചുവടുറപ്പിക്കാൻ ചെറുപ്രായത്തിൽ തന്നെ അവരെ പ്രാപ്തരാക്കണം.

നവമാധ്യമങ്ങളുട സ്വാധീന വലയത്തിൽപ്പെട്ട് വിശ്വാസ, ധാർമ്മിക മൂല്യങ്ങളിൽ നിന്നകന്നു പോകുന്ന ന്യൂജെൻ തലമുറയെ എങ്ങനെ നേർവഴിക്ക് നയിക്കാൻ കഴിയുമെന്ന് കൂട്ടായി ആലോചിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. കുടുംബമാണ് സുകൃതങ്ങളുടെ വിളഭൂമി. കുടുംബങ്ങളിൽ പരിപാലിച്ചു വളർത്തേണ്ട നന്മയുടെ വിത്തുകൾ പരിപാലനത്തിന്റെ അപര്യാപ്തതകൊണ്ട് മുരടിച്ച് പോകാറുണ്ട്; ചിലത് വാടിക്കരിഞ്ഞു പോകാറുണ്ട്. കുടുംബാംഗങ്ങൾ ഒരുമിച്ചുള്ള പ്രാർത്ഥനകൂട്ടായ്മകളിലൂടെയും വിശ്വാസതീർത്ഥാടനങ്ങളിലൂടെയും സർവ്വോപരി മാതാപിതാക്കളുടെ മാതൃകപരമായ വിശ്വാസജീവിതത്തിലൂടെയും ജെൻ –സി, ജെൻ – ആൽഫ തലമുറകളെ നന്മയുടെ മാർഗത്തിൽ വഴിനടത്താനാകും. ഉപദേശങ്ങളേക്കാൾ മാതൃകകളാണ് അവർ ഇഷ്ടപ്പെടുന്നത്. ഉപദേശം വളരെ എളുപ്പമാണ്; മാതൃക നൽകി പരിചരിക്കുന്നത് ശ്രമകരവും.

കേരളത്തിലെ യുവജനങ്ങളിൽ ഭൂരിഭാഗവും അന്യനാടുകളിൽ ചേക്കേറുകയാണ്. കുടുംബാംഗങ്ങളുടെയും വിശ്വാസസമൂഹത്തിന്റെയും സ്വാധീന വലയത്തിൽ നിന്നും അകന്നുപോകുന്ന യുവജനങ്ങൾ തങ്ങളുടെ ആത്മീയ കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കാറില്ല. വിശുദ്ധ കുർബാന, കുമ്പസാരം, കുടുംബ പ്രാർത്ഥനകൾ തുടങ്ങിയ അടിസ്ഥാന വിശ്വാസ ജീവിതവഴികളിൽ നിന്നും അവർ അകന്നു തുടങ്ങി. തങ്ങളുടെ പഠനങ്ങൾക്കനുസരിച്ചും അഭിരുചിക്കനുസരിച്ചുമുള്ള തൊഴിൽ സാധ്യതകൾ തങ്ങൾക്കു നിഷേധിക്കപ്പെടുന്നു എന്ന കാരണത്താലാണ് വിദേശ കുടിയേറ്റത്തെ യുവജനങ്ങൾ ഇത്രയേറെ ഇഷ്ടപ്പെടുന്നത്. എന്നാൽ തങ്ങളുടെ പഠനമികവിനനുസരിച്ച് വിദേശരാജ്യങ്ങളിൽ ജോലിയിലേർപ്പെട്ടിരിക്കുന്നവരുടെ എണ്ണം തുലോം തുച്ഛമാണ്.

നമ്മുടെ നാട്ടിൽ മുതൽ മുടക്കി പുതിയ സംരംഭങ്ങൾക്ക് തുടക്കം കുറിക്കുമ്പോഴാണ് നാടിന് വളർച്ചയുണ്ടാകുന്നത്. ഇക്കാര്യത്തിൽ മറ്റു സമുദായങ്ങളേക്കാൾ വളരെ പിന്നിലാണ് നാം. ഉന്നത പഠന മേഖലകളിൽ നിന്നും നമ്മുടെ സമൂഹം വളരെയേറെ പിന്നോട്ടു പോയി. കാർഷിക വൃത്തിയിലുള്ള അഭിരുചി പുതുതല മുറയ്ക്ക് നഷ്ടമായി. കാർഷിക ഉൽപനങ്ങളുടെ വിലയിടിവ്, വന്യമൃഗശല്യം, പ്രതികൂല കാലാവസ്ഥ തുടങ്ങി ഒട്ടനവധി കാരണങ്ങൾ കൊണ്ടാണ് യുവതലമുറ ഈ മേഖലയിൽ നിന്ന് വിട്ടുനിൽക്കുന്നത്. എന്നാൽ, ഇതിനേക്കാൾ വലിയ പ്രതിസന്ധികളെ ധീരമായി ചെറുത്തു തോൽപിച്ച് ഇവിടെ കനകം വിളയിച്ചവരാണ് പൂർവികരായ നമ്മുടെ കുടിയേറ്റക്കാർ. അതിനാൽ കഷ്ടപ്പാടിന്റെ വിലയറിഞ്ഞ് വളരാൻ നമ്മുടെ കുഞ്ഞുങ്ങളെ പ്രാപ്തരാക്കേണ്ടത് മാതാപിതാക്കളാണ്. ചെറുപ്രായത്തിൽ തന്നെ ഇതിനാവശ്യമായ പരിശീലനം നൽകി അവരെ വളർത്തണം. വീടുകളിൽ തന്നെ ജോലി ചെയ്ത് അധ്വാനത്തിന്റെ മാഹാത്മ്യം കുട്ടികളെ പരിശീലിപ്പിക്കണം. ചെറുപ്രായത്തിൽ തന്നെ കുട്ടികളുടെ അഭിരുചിക്കനുസരിച്ച് അവരെ വളർത്താൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. കാർഷിക, വ്യാവസായിക രംഗങ്ങളിൽ ചുവടുറപ്പിക്കാൻ ചെറുപ്രായത്തിൽ തന്നെ അവരെ പ്രാപ്തരാക്കണം. അതിന് കുടുംബവും സമുദായവും സഭയും ഒറ്റക്കെട്ടായി പ്രവർത്തിച്ച് പുതുതലമുറയ്ക്ക് കരുത്താകണം.

# ഫാ. മാത്യു മറ്റക്കോട്ടിൽ ക്രാന്തദർശിയായ പുരോഹിതൻ

**നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ഫാ. മാത്യു മറ്റക്കോട്ടിലിനെ അനുസ്മരിക്കുന്നു**



**ഫാ. ജോസഫ് പാലക്കാട്ട്**
(താമരശ്ശേരി രൂപത കോർപ്പറേറ്റ് മാനേജർ)

ഫാ. മാത്യു മറ്റക്കോട്ടിൽ കേരള കത്തോലിക്ക സഭയുടെ ആത്മീയ ശുശ്രൂഷകളിലും വിദ്യാഭ്യാസ മേഖലയിലും മഹനീയവും ശ്രദ്ധേയവുമായ സേവനം അനുഷ്ഠിച്ച ക്രാന്തദർശിയായ പുരോഹിത ശ്രേഷ്ഠനാണ്.

മലബാറിലെ കുടിയേറ്റ ജനതയ്ക്ക് ആത്മീയ ശുശ്രൂഷയോടൊപ്പം വിദ്യാഭ്യാസ രംഗത്തും ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട്. താമരശേരി രൂപതയുടെ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ മാനേജരായി പ്രവർത്തിച്ചതും ഇത്തരുണത്തിൽ സ്മരണാർഹമാണ്. സ്കൂളുകളുടെ അക്കാദമിക നിലവാരം മികച്ചതാക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തന്നതിനും അച്ചന്റെ ഇച്ഛാശക്തിയ്ക്കും ക്രിയാത്മകമായ ഇപെടലുകൾക്കും സാധിച്ചിട്ടുണ്ട്. നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വളർച്ചയ്ക്കും ഏകോപനത്തിനും അച്ചൻ നേതൃത്വം നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും വിദ്യാർത്ഥികേന്ദ്രീകൃത സമീപനങ്ങൾ നടപ്പാക്കുന്നതിനും അദ്ദേഹം ശ്രമിച്ചു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സ്കൂളുകളുടെ പഠന നിലവാരം മെച്ചപ്പെടുത്താനായിട്ടുണ്ട്. പ്രത്യേകമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതോടൊപ്പം വിദ്യാർത്ഥികളുടെ സർവതോമുഖമായ വളർച്ചയ്ക്കും പ്രാധാന്യം നൽകി. വിദ്യാഭ്യാസം വെറും അക്കാദമിക നേട്ടത്തിനുള്ള മാർഗം മാത്രമല്ല, നല്ല മനുഷ്യരെ രൂപപ്പെടുത്താനുള്ള പ്രക്രിയയാണെന്ന നിലപാടായിരുന്നു അദ്ദേഹത്തിന്റേത്. അതു കൊണ്ട് തന്നെ മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന് കൂടുതൽ ഊന്നൽ നൽകിയിരുന്നു.

ശാന്തസ്വഭാവം, ദീർഘവീക്ഷണം, കൃത്യത, കരുണ, എളിമ തുടങ്ങിയ ഗുണങ്ങൾ ഫാ. മാത്യു മറ്റക്കോട്ടിലിനെ വേറിട്ട വ്യക്തിത്വത്തിന്റെ ഉടമയാക്കി. അധ്യാപകരോടും വിദ്യാർത്ഥികളോടും രക്ഷിതാക്കളോടും ഒരുപോലെ സൗഹൃദപരമായ സമീപനം സ്വീകരിച്ച അദ്ദേഹം, ഒരു തികഞ്ഞ സംഘാടകനും നല്ല പ്രചോദകനുമായിരുന്നു.



**ഫാ. മാത്യു മറ്റക്കോട്ടിൽ**
ജനനം: 27 – 02 – 1946
പൗരോഹിത്യം: 19 – 12 – 1970
മരണം: 28 – 04 – 2026

ആത്മീയതയും വിദ്യാഭ്യാസസേവനവും ഒരുമിപ്പിച്ച ജീവിതമാണ് ഫാ. മാത്യു മറ്റക്കോട്ടിലിന്റേത്.

വികാരിയായി സേവനമനുഷ്ഠിച്ച വിവിധ ഇടവകകളിൽ വിശ്വാസികളുടെ ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്കായി പ്രവർത്തിച്ച അദ്ദേഹം, ലളിതമായ ജീവിതശൈലിയും സ്നേഹപൂർവമായ ഇടപെടലും കൊണ്ട് ജനഹൃദയങ്ങളിൽ ഇടം നേടിയ എല്ലാവരാലും ഒരേ പോലെ സ്നേഹിക്കപ്പെട്ട ശ്രേഷ്ഠമായ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു. ദൈവവചനപ്രഘോഷണത്തിലും യുവജനങ്ങക്ക് മാർഗനിർദേശങ്ങൾ നൽകുന്നതിലും അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു.

സഭയ്ക്കും സമൂഹത്തിനും ഒരുപോലെ ഉപകാരപ്രദമായ പ്രവർത്തനങ്ങൾ കാഴ്ചവച്ച അദ്ദേഹം, അനേകർക്ക് പ്രചോദകനായി മാറിട്ടുണ്ട്.

വൈദികജീവിതത്തിലെ സമർപ്പണവും വിദ്യാഭ്യാസരംഗത്തെ ദീർഘകാല സേവനവും അദ്ദേഹത്തെ താമരശേരി രൂപതയുടെ ചരിത്രത്തിൽ ശ്രദ്ധേയനാക്കുന്നു.

## ബേബി ബൂമേഴ്സ്
(1946 – 1964)




രണ്ടാം ലോകമഹായുദ്ധത്തിന് ശേഷമുള്ള തലമുറ. കഠിനാധ്വാനം, കുടുംബമൂല്യങ്ങൾ, സ്ഥിരത എന്നിവയ്ക്ക് പ്രാധാന്യം നൽകി.

## ജനറേഷൻ X
(1965 – 1980)



ടെലിവിഷനും ആദ്യകാല കമ്പ്യൂട്ടർ സാങ്കേതികവിദ്യയും കണ്ടു വളർന്ന തലമുറ. ഇന്റർനെറ്റിന് മുൻപും ശേഷവും അനുഭവിച്ച തലമുറ

## മില്ലേനിയൽസ്
(1981 – 1996)



ഇന്റർനെറ്റും മൊബൈൽ ഫോണും വ്യാപകമായ കാലത്ത് വളർന്ന ഡിജിറ്റൽ മാറ്റത്തിന്റെ തലമുറ. സോഷ്യൽ മീഡിയയും ഇന്റർനെറ്റും ജീവിതത്തിന്റെ ഭാഗമാക്കിയവർ

# കിട്ടു
# ഈ ഒ

**അനുഭവങ്ങളുടെ ആഴമുള്ള പഴയ**
**സ്വപ്നങ്ങളുള്ള യുവത്വവും. ഇ**
**മനസ്സിലാക്കുകയും അംഗീകരിക്ക**
**വിരിയുന്നത് പുതിയൊരു ലേ**
**സംഘടിപ്പിച്ച 'യൂത്ത് ടോക**



**ഫാ. ജ്യോതിസ് ചെറുശ്ശേരിൽ**
(കെസിവൈഎം രൂപത ഡയറക്ടർ)

### 'തലമുറകൾ തമ്മിൽ യോജിപ്പും സഹകരണവും ഉണ്ടായാൽ മാത്രമേ മൂല്യങ്ങളുള്ള സുഗമമായ ഒരു ജീവിതം സാധ്യമാകൂ.'

എല്ലാം പെട്ടെന്ന് ലഭിക്കണമെന്ന് ആഗ്രഹിക്കുന്ന ഒരു ഇൻസ്റ്റന്റ് യുഗത്തിലാണ് നാം ജീവിക്കുന്നത്. മെസ്സേജുകൾക്ക് മറുപടി വൈകുന്നതുപോലും വലിയ സംഘർഷങ്ങളുണ്ടാക്കുന്നു. ബന്ധങ്ങളിൽ മുന്നോട്ട് പോകാൻ കഴിയില്ലെങ്കിൽ ഉടനടി വിവാഹമോചനം നേടാനും അത് ആഘോഷിക്കാനുമുള്ള പ്രവണത വർദ്ധിച്ചു. സോഷ്യൽ മീഡിയയിൽ ഇഷ്ടമില്ലാത്ത കാര്യങ്ങൾ ഒഴിവാക്കുന്നതുപോലെ (Skip) ജീവിതത്തിലെ പ്രശ്നങ്ങളെയും നേരിടാൻ ശ്രമിക്കുന്നവരാണ് ഇന്നത്തെ കുട്ടികൾ.

പണ്ട് മാതാപിതാക്കളുടെയും മക്കളുടെയും തലമുറകൾ തമ്മിലായിരുന്നു ഗ്യാപ്പ് എങ്കിൽ ഇന്നത്തെ ജനറേഷൻ ഗ്യാപ്പിന് രണ്ടു വയസു വ്യത്യാസം മതി എന്നായിരിക്കുന്നു. തലമുറകൾ തമ്മിലുള്ള പരസ്പര സഹകരണവും മനസ്സിലാക്കലും മെച്ചപ്പെടുത്തിയാൽ മാത്രമേ മൂല്യാധിഷ്ഠിതമായ നല്ലൊരു ജീവിതം കെട്ടിപ്പടുക്കാനാകൂ. നല്ല കാര്യങ്ങളെ വിവേചിച്ചറിയാൻ പുതുതലമുറയെ പ്രാപ്തരാക്കുകയാണ് നാം ചെയ്യേണ്ടത്.

### 'വടി പിടിച്ച് നടക്കുന്ന അധ്യാപകരെ കുട്ടികൾക്ക് വേണ്ട; കൈപിടിച്ചു നടക്കുന്ന അധ്യാപകരെയാണ് ഇന്നത്തെ ജനറേഷൻ ആഗ്രഹിക്കുന്നത്.'

കൗമാരത്തിൽ നിന്നും യൗവനത്തിലേക്ക് കടക്കുന്ന കുട്ടികൾ സോഷ്യൽ മീഡിയയുടെ സ്വാധീനത്തിൽ പെടാൻ സാധ്യതയേറെയാണ്. കൗമാരക്കാരുടെ ശാരീരികവും മാനസികവുമായ വളർച്ചാഘട്ടങ്ങളെയാണ് പല ഇൻഫ്ളുവൻസേഴ്സും ചൂഷണം ചെയ്യുന്നത്. റീൽ ലൈഫിലെ സന്തോഷങ്ങളെ സ്വന്തം ജീവിതവുമായി താരതമ്യപ്പെടുത്തി വിഷാദത്തിലേക്ക് പോകാതെ, സ്വന്തം ജീവിതത്തിന്റെ തിരക്കഥകൾ സ്വയം രചിക്കാൻ പുതിയ തലമുറയ്ക്ക് കഴിയണം.

മുതിർന്നവർ അവരുടെ അനുഭവങ്ങളെ അടിസ്ഥാനമാക്കിയാണ് സംസാരിക്കാറ്. അതു സ്വീകരിക്കാനുള്ള റിസെപ്റ്റീവ് മൈൻഡ് പുതിയ ജനറേഷനുകളിൽ നിന്ന് നഷ്ടപ്പെട്ടു പോയി എന്നു തോന്നുന്നു. സ്വയം തിരിച്ചറിയൽ എന്നത് ഈ തലമുറയക്ക് എവിടെയെക്കെയോ നഷ്ടപ്പെട്ടു പോയി. ഇന്നത്തെ ജനറേഷനെ കൈകാര്യം ചെയ്യാൻ അവരുടെ ഒപ്പമിറങ്ങണം. മാധ്യമങ്ങളുടെ ഉപയോഗം അനിവാര്യമായ ഈ കാലത്ത്, അതിലെ നന്മതിന്മകളെക്കുറിച്ച് വ്യക്തമായ ധാരണ കുട്ടികളിൽ ഉണ്ടാക്കിയെടുക്കുകയാണ് മുതിർന്നവരുടെ കടമ.



**ഷൈജു ഏലിയാസ്**
(പ്രിൻസിപ്പൽ, അൽഫോൻസ കോളജ് തിരുവമ്പാടി)

### 'അനുഭവപരിചയമുണ്ടെന്ന് കരുതി ആശ
### അടിച്ചേൽപ്പിക്കാൻ ശ്രമിക്കരുത്; പര
### ധാരണയാണ് ബന്ധങ്ങളിൽ ആവ

സോഷ്യൽ മീഡിയയിലെ ഇൻഫ്ളുവൻസർമാരിൽ
ചീത്ത ആളുകളുമുണ്ട്. റീച്ചിന് വേണ്ടി എന്തും
രെ മാതൃകയാക്കാതിരിക്കാൻ ഇന്നത്തെ തലമുറ ശ്രദ്ധിക്കണം.
റയുന്നതും ഞാനെന്ന ഭാവത്തിൽ യോ യോ ആയി നടക്കുന്നത
ധരിച്ചു വച്ചിരിക്കുന്ന ധാരാളം ജെൻസി കിഡ്സ് ഉണ്ട്.

തലമുറകളുടെ അന്തരം പലപ്പോഴും ബന്ധങ്ങളിൽ വിള്ളലു
ന്നുണ്ട്. മുതിർന്നവർ പറയുന്നത് കുട്ടികൾക്കും, കുട്ടികൾ പറ
ന്നവർക്കും മനസ്സിലാകാത്ത സാഹചര്യമുണ്ട്. അനുഭവ സമ്പര
ആശയങ്ങൾ അടിച്ചേൽപ്പിക്കാതെ പരസ്പരം മനസ്സിലാക്കാൻ ശ്ര
വേണ്ടത്. ഇന്നത്തെ തലമുറയ്ക്കും അവരുടേതായ അറിവുകള
കളുമുണ്ട്. ഡിവോഴ്സ് പോലെ അപ്പനെയും അമ്മയേയും ഉപേ
ഓപ്ഷനുണ്ടെങ്കിൽ അതു ട്രൈ ചെയ്യാനും ന്യൂജെൻ തലമുറയ്
വലിയ മടിയില്ലാ എന്നു തോന്നിയിട്ടുണ്ട്.



**ജിപ്റ്റ് ആന്റണി**
(അധ്യാപകൻ, സെന്റ് ജോസഫ്സ് എച്ച്എസ്എസ് പുല്ലൂരാംപാറ)

### 'അർഹിക്കുന്ന പരിഗണനയും പരസ്പര ബഹുമാനവും നൽകിയാൽ യുവതലമുറ എക്കാലവും ചങ്കുപറിച്ച് നമ്മുടെ കൂടെയുണ്ടാകും.'

മുമ്പ് സമൂഹത്തിൽ ഉന്നത സ്ഥാനമുള്ളവരായിരുന്നു റോൾ മോഡലുകളെങ്കിൽ ഇന്ന് സോഷ്യൽ മീഡിയ ഇൻഫ്ലുവൻസർമാരാണ് പലരുടെയും മാതൃക. അവർ പങ്കുവെക്കുന്ന ആഘോഷങ്ങൾ കണ്ട് തനിക്കും അങ്ങനെയാകണം എന്ന് കുട്ടികൾ ആഗ്രഹിക്കുന്നു. ഇൻഫ്ളൂവൻസർമാർ പങ്കുവയ്ക്കുന്നത് അവരുടെ ജീവിതത്തിലെ സന്തോഷ നിമിഷങ്ങളും ആഘോഷങ്ങളും മാത്രമാണ് എന്ന് ഓർക്കണം.

ഐഫോൺ ഉള്ളവർ, ആൻഡ്രോയ്ഡ് ഫോണുള്ളവർ, പ്രണയം ഉള്ളവർ, സിംഗ്ലയായി നടക്കുന്നവർ എന്നിങ്ങനെ ക്യാമ്പസുകളിലെ വിവിധ ഗ്യാങ്ങുകളുണ്ട്. അതിൽ ഒന്നിലെങ്കിലും ഉൾപ്പെടാനാവാതെ 'ഫോമോ' (FOMO - Fear of Missing Out) പോലുള്ള മാനസികാവസ്ഥകളിലേക്ക് വീണു പോകുന്നവരുമുണ്ട്. ആത്മഹത്യ വളരെ വേഗത്തിലുള്ള ഒരു പരിഹാരമായാണ് ഇന്നത്തെ ജനറേഷനിലെ പലരും കാണുന്നത്. എന്നാൽ, അവർക്ക് ആവശ്യമായ പരിഗണനയും ബഹുമാനവും നൽകി ചേർത്തുപിടിച്ചാൽ ഏത് സങ്കീർണ്ണതകളെയും അതിജീവിച്ച് ഈ തലമുറ നല്ല രീതിയിൽ മുന്നേറും.



**ലിസ് മരിയ റോയ്**
(പ്ലസ്ടു വിദ്യാർഥിനി)

### 'ഒരു അധ്യാ
### അധ്യാപക

മുതിർന്നവർ
തലമുറയുടെ
കുട്ടികളുമായി മി
കരെയാണ് കുട്ടിക
പലപ്പോഴും ചിന്തി
പോകാനാണ് പുത
'വൈബ്' ശരിയാക

# ണം
# വബ്?

## ജെൻ Z
(1997 – 2012)



സ്മാർട്ട്ഫോൺ, സോഷ്യൽ മീഡിയ, ഓൺലൈൻ ലോകം എന്നിവയോട് ഏറ്റവും അടുത്ത യുവതലമുറ. പൂർണ്ണമായും ഡിജിറ്റൽ ലോകത്ത് വളർന്നവർ.

## ജെൻ ആൽഫ
(2013 – 2024)



സ്ക്രീൻ ഉപയോഗം വളരെ ചെറുപ്പത്തിൽ തന്നെ ആരംഭിച്ച തലമുറ. നിർമിത ബുദ്ധി, സ്മാർട്ട് ഫോൺ, സ്മാർട്ട് ഡിവൈസ് എന്നിവയ്ക്കൊപ്പം വളരുന്നു.

## ജെൻ ബീറ്റ
(2025 – 2039)



നിർമിത ബുദ്ധിയും അത്യാധുനിക സാങ്കേതികവിദ്യയും കൂടുതൽ സ്വാധീനിക്കുന്ന ഭാവി തലമുറ. പരമ്പരാഗത ജോലികളിൽ വലിയ മാറ്റങ്ങൾ കാണുന്ന തലമുറയാകും

**ം തലമുറയും, അതിരുകളില്ലാത്ത ഇരുതലമുറകളും പരസ്പരം ുകയും ചെയ്യുമ്പോൾ അവിടെ ാകമാണ്. മലബാർ വിഷൻ ്സ്' പരിപാടിയിൽ നിന്ന്**

### 'സോഷ്യൽ മീഡിയ ഡിമാൻഡ് ചെയ്യുന്ന തരത്തിൽ അധ്യാപനത്തിൽ പോലും മാറ്റങ്ങൾ വരുത്തേണ്ട സാഹചര്യമാണ് ഇന്നുള്ളത്.'

ഇന്നത്തെ തലമുറയുടെ സവിശേഷതകളും മാറ്റങ്ങളും ഉൾക്കൊണ്ടുവേണം നാം അവരോട് ഇടപെടാൻ. പണ്ടത്തെപ്പോലെ ഡോക്ടറോ എൻജിനീയറോ ആകുന്നതിനേക്കാൾ ഇൻഫ്ലുവൻസറും വ്ളോഗറുമാകാനാണ് ഇന്നത്തെ കുട്ടികൾ ആഗ്രഹിക്കുന്നത്. 'ലീവ് ഇൻ ദി പ്രസന്റ്' എന്ന കാഴ്ചപ്പാടാണ് അവർക്കുള്ളത്. യാതൊരു ബാധ്യതകളുമില്ലാത്ത സ്വതന്ത്രമായ ജീവിതം നയിക്കാൻ ആഗ്രഹിക്കുന്നവരാണവരിൽ ബഹുഭൂരിപക്ഷവും. വിവാഹം എന്നത് ഒരു സോഷ്യൽ കോൺട്രാക്ട് ആയാണ് അവർ കാണുന്നത്. വിവാഹത്തിന്റെ പവിത്രത പറഞ്ഞുകൊടുക്കാമെന്നുവച്ചാൽ പഴയ തലമുറ, ബോറൻ എന്നിങ്ങനെയുള്ള ചാപ്പ അവർ അടിച്ചു തരും. വിവാഹം ഒരു ഷോ കാണിക്കാനുള്ള അവസരമായി മാറി.

സോഷ്യൽ മീഡിയ ഡിമാന്റ് ചെയ്യുന്ന തരത്തിൽ അധ്യാപനത്തിൽ പോലും മാറ്റങ്ങൾ വരുത്തേണ്ട സാഹചര്യമാണ്. പുതിയ കാലത്തിന്റെ ചിന്തകൾക്കൊപ്പം സഞ്ചരിക്കാനും, അവർക്കിടയിൽ ജനറേഷൻ ഗ്യാപ്പ് അനുഭവപ്പെടാതിരിക്കാനും അധ്യാപകരും മാതാപിതാക്കളും ശ്രദ്ധിക്കണം.



**ബർണാഡ് ജോസ്**
(അധ്യാപകൻ, സെന്റ് ജോസഫ്സ് എച്ച്എസ്എസ് കോടഞ്ചേരി)

### ...രയങ്ങൾ ...സ്പര ...ര്യം.'

...നല്ല ആളുകളും ...കാണിക്കുന്നവ ...കുറേ തെറി പ ...ാണ് നല്ലതെന്ന്

...കൾ സൃഷ്ടിക്കു ...യുന്നത് മുതിർ ...ത്തിന്റെ പേരിൽ ...ശമിക്കുകയാണ് ...ും കാഴ്ചപ്പാടു ...ക്ഷിക്കാൻ ഒരു ...ിലെ പലർക്കും



**അന്ന മരിയ റോയ്**
(സിഎ വിദ്യാർഥിനി)

### ...ാപകൻ ഞങ്ങൾക്കൊപ്പം നിന്നാൽ, ആ ...കന് വേണ്ടി ഞങ്ങൾ എന്തും ചെയ്യും.'

...ഞങ്ങളുടെ മാറ്റങ്ങൾക്കൊപ്പം മാറണം എന്നതാണ് പുതിയ ...ടെ കാഴ്ചപ്പാട്. അത്ര നന്നായി പഠിപ്പിച്ചില്ലെങ്കിൽ പോലും ...കച്ച രീതിയിൽ ഇടപഴകുന്ന, ഒപ്പം നിൽക്കുന്ന അധ്യാപ ...ൾക്കിഷ്ടം. ഞങ്ങളുടെ തെറ്റുകൾ തിരുത്താനോ മാറാനോ ...ക്കാറില്ല, ആ ഒരു ഫ്ളോയിൽ സന്തോഷത്തോടെ ജീവിച്ചു ...തിയ തലമുറ ആഗ്രഹിക്കുന്നത്. കുട്ടികളുമായുള്ള ആ ഒരു ...ിയെടുക്കുക എന്നതാണ് ഏറ്റവും പ്രധാനം.

**ഈ ചർച്ചയുടെ പൂർണ്ണരൂപം കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യൂ**

## വരുമാനം സ്മാർട്ട്ഫോണിലൂടെ, ചിലവ് സോഷ്യൽ മീഡിയയെ കാണിക്കാൻ



**സുബി സെബാസ്റ്റ്യൻ**
(ചാർട്ടേഡ് അക്കൗണ്ടന്റ്)

ഒരു നാണയത്തിന് രണ്ട് വശങ്ങൾ ഉള്ളതുപോലെയാണ് ഇന്നത്തെ യുവതലമുറയെക്കുറിച്ചുള്ള ചിന്തകളും. ഒരേസമയം ആശങ്കയും അതിലേറെ പ്രതീക്ഷയും നൽകുന്നതാണ് പുതിയ തലമുറ. കൂടുതലും പോസിറ്റീവ് വശങ്ങളാണ് പുതിയ തലമുറയിൽ കാണാൻ കഴിയുന്നത്.


അവർ ശരിക്കും ഒരു 'സ്വയം നിർമ്മിത തലമുറ' (Self Made Generation) ആണ്. മാതാപിതാക്കളെ ആശ്രയിക്കാതെ സ്വന്തം കാലിൽ നിൽക്കാൻ അവർ ചെറുപ്പത്തിലേ പഠിക്കുന്നു. ഫ്രീലാൻസിങ്, ഓൺലൈൻ ബിസിനസ്, കണ്ടന്റ് ക്രിയേഷൻ എന്നിവയിലൂടെ സ്വന്തമായി വരുമാനം കണ്ടെത്താൻ ഇന്ന് ഒരു സാധാരണ യുവാവിന് കഴിയുന്നുണ്ട്. വെറുമൊരു സ്മാർട്ട്ഫോണും കഴിവും ഉണ്ടെങ്കിൽ ലോകം മുഴുവൻ തങ്ങളുടെ മാർക്കറ്റാക്കാൻ അവർക്കറിയാം. ഇന്റർനെറ്റിനെ അവർ വെറുമൊരു വിനോദോപാധിയായല്ല, മറിച്ച് സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാനുള്ള വേദിയായാണ് കാണുന്നത്.

ചിലവഴിക്കുന്ന കാര്യത്തിലും ഇവരിൽ ഒരു വിഭാഗം ഏറെ ബുദ്ധിശാലികളാണ്. ഭക്ഷണം, വസ്ത്രം, യാത്ര എന്നിവയ്ക്ക് മുൻപ് ഓൺലൈനിൽ ഏറ്റവും നല്ല ഓഫറുകൾ തിരയാനും, ബ്രാൻഡഡ് സാധനങ്ങൾക്കായി 'സെയിൽ' വരുന്നത് വരെ കാത്തിരിക്കാനും അവർ തയ്യാറാണ്. തങ്ങൾ പണം മുടക്കുന്ന ഓരോ സബ്സ്ക്രിപ്ഷനും (Netflix, Spotify, Gym) അത്രമേൽ മൂല്യമുള്ളതാണോ എന്ന് അവർ കൃത്യമായി വിലയിരുത്തുന്നു.

സമ്പാദ്യത്തിനൊപ്പം നിക്ഷേപത്തിലും ഇവർ ശ്രദ്ധിക്കുന്നു. സ്വർണ്ണം, മ്യൂച്വൽ ഫണ്ട്, ക്രിപ്റ്റോ എന്നിവയിലൊക്കെ ചെറിയ തുകകൾ പോലും നിക്ഷേപിച്ച് 'പണം നമുക്ക് വേണ്ടി ജോലി ചെയ്യണം' എന്ന ആധുനിക ചിന്താഗതി പുലർത്തുന്നവരാണ് ഇവർ.

വർദ്ധിച്ചുവരുന്ന ജീവിതച്ചെലവുകളും കടുത്ത മത്സരങ്ങളും ഈ തലമുറയ്ക്ക് വലിയ വെല്ലുവിളി സൃഷ്ടിക്കുന്നു. എങ്കിലും അവർ തളരുന്നില്ല; പഠിക്കുന്നു, പരാജയപ്പെടുന്നു, വീണ്ടും കൂടുതൽ കരുത്തോടെ എഴുന്നേൽക്കുന്നു. ആരും തളികയിൽ വെച്ച് തന്നതല്ല, സ്വന്തം കൈകൊണ്ട് ഉണ്ടാക്കിയെടുത്തതാണ് ഈ മാറ്റങ്ങൾ. നെഗറ്റീവ് വശങ്ങളിലേക്ക് നോക്കിയാൽ ആദ്യം കണ്ണിൽപ്പെടുന്നത് വരവറിയാതെയുള്ള അവരുടെ ചില വഴിക്കലാണ്. ഒരു ദിവസം ആയിരം രൂപയ്ക്ക് അധ്വാനിക്കുന്ന ഒരു വ്യക്തി, മറ്റുള്ളവരെ കാണിക്കാൻ വേണ്ടി മാത്രം ആയിരത്തിയഞ്ഞൂറ് രൂപ ചിലവാക്കിയാൽ എങ്ങനെയിരിക്കും? സോഷ്യൽ മീഡിയയിലെ തിളക്കം കണ്ട് 'മറ്റൊരാളെപ്പോലെ എനിക്കും ജീവിക്കണം' എന്ന ചിന്തയാണ് അവരെ ഇതിന് പ്രേരിപ്പിക്കുന്നത്. സ്വന്തം സാഹചര്യങ്ങൾ മറന്നുള്ള ഈ ആഡംബര ഭ്രമം ഒടുവിൽ വലിയ കടബാധ്യതകളിലേക്കും ജീവിതനൈരാശ്യത്തിലേക്കുമാണ് ഇവരെ എത്തിക്കുന്നത്.

### യുവജനങ്ങൾക്കൊരു സ്മാർട്ട് ബജറ്റ് പ്ലാൻ



# തോമാശ്ലീഹാ: ഭാരതസഭയുടെ ജീവിക്കുന്ന പൈതൃകം

**ഭാരതസഭയ്ക്ക് തോമാശ്ലീഹാ നൽകിയ ഏറ്റവും വലിയ സമ്മാനം വിശ്വാസത്തിന്റെ ധൈര്യമാണ്. എത്ര വെല്ലുവിളികൾ വന്നാലും ക്രിസ്തുവിൽ ഉറച്ചു നിൽക്കാനുള്ള ശക്തി. എത്ര ഇരുണ്ട വഴികളായാലും ദൈവത്തിന്റെ വെളിച്ചം മുന്നിൽ ഉണ്ടെന്ന ഉറപ്പ്**



**റവ. ഡോ. ജോസഫ് കുന്നത്ത്**

'എന്റെ കർത്താവേ, എന്റെ ദൈവമേ' വിശുദ്ധ തോമാശ്ലീഹായുടെ ഈ വിശ്വാസപ്രഖ്യാപനം ഒരു ക്രിസ്തുശിഷ്യന്റെ ഹൃദയവിളി മാത്രമല്ല; ഭാരതസഭയുടെ വിശ്വാസചരിത്രത്തിൽ ഇന്നും മുഴങ്ങിക്കൊണ്ടിരിക്കുന്ന ആത്മീയസാക്ഷ്യമാണ്.

യേശുക്രിസ്തുവിന്റെ പന്ത്രണ്ടു ശിഷ്യരിൽ ഒരാളായ വിശുദ്ധ തോമാശ്ലീഹാ, സുവിശേഷത്തിന്റെ പ്രകാശം ലോകത്തിന്റെ അതിരുകളിലേക്ക് കൊണ്ടുപോകാൻ നിയോഗിക്കപ്പെട്ടവനായിരുന്നു. ആ ദൈവവിളിക്ക് പൂർണ്ണമായും പ്രത്യുത്തരം നൽകി, ദൂരദേശങ്ങളും കടലുകളും മറികടന്ന് അദ്ദേഹം എത്തിയത് ഭാരതത്തിന്റെ മണ്ണിലേക്കാണ്. അത് ഒരു യാത്ര മാത്രമായിരുന്നില്ല; ദൈവത്തിന്റെ അനന്തമായ സ്നേഹവും രക്ഷയുടെ സന്ദേശവും ഭാരതജനതയുടെ ഹൃദയത്തിലേക്ക് എത്തിച്ച മഹത്തായ ദൗത്യമായിരുന്നു.

കേരളത്തിന്റെ തീരങ്ങളിൽ വിശുദ്ധ തോമാശ്ലീഹാ എത്തിച്ചേർന്നുവെന്ന് സഭയുടെ പാരമ്പര്യം പറയുന്നു. അന്ന് അദ്ദേഹം വിതച്ച വിശ്വാസത്തിന്റെ വിത്ത് കാലത്തിന്റെ വെല്ലുവിളികളെ അതിജീവിച്ച് ഇന്ന് വടവൃക്ഷമായി വളർന്നു നിൽക്കുന്നു. ആ വിശ്വാസ വടവൃക്ഷത്തിന്റെ തണലിലാണ് ഇന്ന് ഭാരതസഭ നിലകൊള്ളുന്നത്.

വിശുദ്ധ തോമാശ്ലീഹായുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത് വിശ്വാസം ഒരു ആചാരമോ പാരമ്പര്യമോ മാത്രമല്ല, മറിച്ച് ജീവിച്ച അനുഭവമാണെന്ന സത്യമാണ്. ആദ്യം സംശയിച്ച തോമാശ്ലീഹാ, ഉയിർത്തെഴുന്നേറ്റ യേശുവിനെ കണ്ടപ്പോൾ ഹൃദയം തുറന്ന് വിശ്വസിച്ചു. ആ അനുഭവം അദ്ദേഹത്തെ പൂർണ്ണമായും മാറ്റി. ആ മാറ്റം അദ്ദേഹത്തെ സുവിശേഷത്തിന്റെ ധീരസാക്ഷിയാക്കി.



ഭാരതസഭയുടെ ആത്മീയപാരമ്പര്യത്തിൽ തോമാശ്ലീഹായുടെ സാന്നിധ്യം അതീവ സവിശേഷമാണ്. നമ്മുടെ വിശ്വാസ ജീവിതത്തിലും കുടുംബപ്രാർത്ഥനകളിലും വിശുദ്ധ കുർബാനയിലും സഭാചാരങ്ങളിലും അദ്ദേഹത്തിന്റെ പൈതൃകത്തിന്റെ പ്രകാശം കാണാം. തലമുറകളിലൂടെ കൈമാറിയ ആ വിശ്വാസം ഇന്നും കുടുംബങ്ങളിലെ പ്രാർത്ഥനാമുറികളിൽ തെളിയുന്ന ദീപം പോലെ പ്രകാശിക്കുന്നു.

വിശുദ്ധ തോമാശ്ലീഹായുടെ പൈതൃകം വെറും ചരിത്രസ്മരണയല്ല. അത് ഇന്നും ജീവിക്കുന്ന സത്യമാണ്. സത്യത്തെ അന്വേഷിക്കാനും, യേശുവിനെ വ്യക്തിപരമായി അറിയാനും, ജീവിതം മുഴുവൻ ദൈവസ്നേഹത്തിന്റെ സാക്ഷ്യമാകാനുള്ള വിളി.

ഇന്നത്തെ സമൂഹം അനേകം ചോദ്യങ്ങളാലും ആശങ്കകളാലും നിറഞ്ഞതാണ്. മനുഷ്യഹൃദയം പലപ്പോഴും സംശയങ്ങളിലൂടെ കടന്നുപോകുന്നു. അത്തരമൊരു കാലത്ത് തോമാശ്ലീഹായുടെ ജീവിതം നമ്മെ പ്രത്യാശയോടെ ഓർമ്മിപ്പിക്കുന്നു – സംശയത്തിൽ നിന്ന് വിശ്വാസത്തിലേക്കും, ഭയത്തിൽ നിന്ന് സാക്ഷ്യത്തിലേക്കും, ചോദ്യങ്ങളിൽ നിന്ന് ദൈവാനുഭവത്തിലേക്കും നമ്മെ കൈപിടിച്ചുനടത്താൻ കർത്താവ് ഇന്നും ജീവിച്ചിരിപ്പുണ്ടെന്ന്.

ഭാരതസഭയ്ക്ക് തോമാശ്ലീഹാ നൽകിയ ഏറ്റവും വലിയ സമ്മാനം വിശ്വാസത്തിന്റെ കരുത്താണ്. എത്ര വെല്ലുവിളികൾ വന്നാലും ക്രിസ്തുവിൽ ഉറച്ചു നിൽക്കാനുള്ള ശക്തി. എത്ര ഇരുണ്ട വഴികളായാലും ദൈവത്തിന്റെ വെളിച്ചം മുന്നിൽ ഉണ്ടെന്ന ഉറപ്പ്.

അതുകൊണ്ടാണ് ഭാരതസഭ വിശുദ്ധ തോമാശ്ലീഹായെ ഒരു ചരിത്ര പുരുഷനായി മാത്രം കാണാതെ; വിശ്വാസത്തിന്റെ പിതാവായി, വഴികാട്ടിയായി, പ്രാർത്ഥനയിലെ സഹയാത്രികനായി ഹൃദയത്തിൽ സൂക്ഷിക്കുന്നത്.

ഇന്നും ഭാരതത്തിന്റെ മണ്ണിൽ വിശ്വാസം പൂക്കുമ്പോൾ, ഓരോ ക്രിസ്തീയഹൃദയവും നിശ്ശബ്ദമായി ആവർത്തിക്കുന്ന ഒരു പ്രാർത്ഥനയുണ്ട്, 'വിശുദ്ധ തോമാശ്ലീഹായേ, ഞങ്ങളുടെ വിശ്വാസം ശക്തമാക്കണമേ; ഞങ്ങളുടെ ജീവിതം ക്രിസ്തുവിന്റെ സാക്ഷ്യമാക്കണമേ.' എന്ന്.

വിശുദ്ധ തോമാശ്ലീഹാ വിതച്ച വിശ്വാസത്തിന്റെ വിത്ത് കാലങ്ങൾ പിന്നിട്ടിട്ടും പച്ചപ്പോടെ നിലനിൽക്കുന്നു. അത് ഭാരതസഭയുടെ അഭിമാനമാണ്, അനുഗ്രഹമാണ്, ദൈവം നമ്മുക്ക് നൽകിയ മഹത്തായ പൈതൃകമാണ്.

## കുടുംബ കൂട്ടായ്മ പ്രവർത്തന മാർഗരേഖ പ്രകാശനം

**താമരശ്ശേരി ●** കുടുംബകൂട്ടായ്മയുടെ വാർഷിക ജനറൽ ബോഡി യോഗം താമരശ്ശേരി ബിഷപ്സ് ഹൗസ് ഓഡിറ്റോറിയത്തിൽ നടന്നു. 2026–27 വർഷ പ്രവർത്തന മാർഗ്ഗരേഖ പ്രകാശനം ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവഹിച്ചു.കുടുംബ കൂട്ടായ്മ രൂപത പ്രസിഡന്റ് പ്രകാശ് മാത്യു പുളിക്കേക്കര അധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ ഫാ. ജിനോയ് പനക്കൽ, രൂപത വൈസ്പ്രസിഡന്റ് സെബാസ്റ്റ്യൻ ളാമണ്ണിൽ, സെക്രട്ടറി മേരിക്കുട്ടി സെബാസ്റ്റ്യൻ ഇടക്കര, ട്രഷറർ സെബാസ്റ്റ്യൻ വാമറ്റത്തിൽ എന്നിവർ പ്രസംഗിച്ചു.വചനവെയിൽ ബൈബിൾ വചന മത്സരത്തിൽ രൂപതതല വിജയികൾക്കുള്ള സമ്മാനവും2024–25 വർഷത്തിൽ മികച്ച പ്രവത്തനം കാഴ്ചവച്ച യൂണിറ്റ്കൾക്കുള്ള സമ്മാനവും വിതരണം ചെയ്തു.

## മങ്കുഴിക്കരി പിതാവിനെ അനുസ്മരിച്ച് താമരശ്ശേരി രൂപത

### മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരിയുടെ 32-ാം ചരമവാർഷികം ഭക്ത്യാദരപൂർവം ആചരിച്ചു

**താമരശ്ശേരി ●** രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരിയുടെ 32–ാം ചരമവാർഷികം ഭക്ത്യാദരപൂർവം ആചരിച്ചു. മേരിമാതാ കത്തീഡ്രലിൽ അനുസ്മരണ ശുശ്രൂഷകൾ നടന്നു.



ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. മോൺ. അബ്രഹാം വയലിൽ, ഫാ. ബെന്നി മുണ്ടനാട്ട് എന്നിവർ സഹകാർമ്മികരായി.

വചനസന്ദേശത്തിൽ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരിയുടെ സ്മരണ പുതുക്കിയ ബിഷപ്, രൂപതയുടെ ശൈശവകാലഘട്ടത്തിൽ പിതാവിന്റെ നേതൃത്വത്തിൽ കൈവന്ന ആത്മീയവും ഭൗതികവുമായ വളർച്ചയെ അനുസ്മരിച്ചു. രൂപതയുടെ അടിത്തറ ശക്തിപ്പെടുത്തുന്നതിൽ അദ്ദേഹത്തിന്റെ സംഭാവനകൾ ശ്രദ്ധേയമാണ്. ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട്, കത്തീഡ്രൽ വികാരി ഫാ. തോമസ് ചിലമ്പിക്കുന്നേൽ, അസിസ്റ്റന്റ് വികാരി ഫാ. ജോൺ കോനുകുന്നേൽ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ബെന്നി ലൂക്കോസ് എന്നിവർ അനുസ്മരണ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

**സ്വർഗ്ഗത്തിൽ 20-ാം വർഷം**
**16-09-2026**



**വർഗീസ് കണക്കഞ്ചേരി**
കുണ്ടായിത്തോട്
ചാച്ചന്റെ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്
ഭാര്യ മേരി, മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

**മലബാർ വിഷൻ മാട്രിമോണിയൽ**

**വധുവിനെ അന്വേഷിക്കുന്നു**
താമരശ്ശേരി രൂപതാംഗമായ യുവാവ്, 34 വയസ്സ്, 160 cm ഉയരം, ഡിപ്ലോമ ഇൻ ഇലക്ട്രിക്കൽ എൻജിനീയറിങ്, ഗവൺമെന്റ് ജോലി. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ : 9446887021

**വധുവിനെ അന്വേഷിക്കുന്നു**
താമരശ്ശേരി രൂപതാംഗമായ യുവാവ്, 39 വയസ്സ്, 170 cm ഉയരം, BA, ഹയർ സെക്കൻഡറി സ്കൂളിൽ ലാബ് അറ്റൻഡർ. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ : 9446789670

# 13–ാം പാസ്റ്ററൽ കൗൺസിലിന് ഉജ്ജ്വല തുടക്കം

ട്രീസ സെബാസ്റ്റ്യൻ, താമരശ്ശേരി രൂപതയുടെ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെടുന്ന ആദ്യ വനിത

**താമരശ്ശേരി●** താമരശ്ശേരി രൂപതയുടെ പതിമൂന്നാം പാസ്റ്ററൽ കൗൺസിലിന് പ്രൗഢോജ്ജ്വലമായ തുടക്കം. രൂപതാ ഭവൻ ഓഡിറ്റോറിയത്തിൽ നടന്ന ഉദ്ഘാടന സമ്മേളനം കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് പ്രഫ. രാജീവ് കൊച്ചുപറമ്പിൽ നിർവഹിച്ചു. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ അധ്യക്ഷത വഹിച്ചു. ഫാ. മാത്യു ചെറുശ്ശേരി നയിച്ച പ്രാർത്ഥനാ ശുശ്രൂഷയോടെയാണ് യോഗം ആരംഭിച്ചത്. വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ സ്വാഗതം ആശംസിച്ചു. കഴിഞ്ഞ പാസ്റ്ററൽ കൗൺസിൽ യോഗത്തിന്റെ പ്രവർത്തനാവലോകന റിപ്പോർട്ട് മുൻ സെക്രട്ടറി ബെന്നി ലൂക്കോസ് അവതരിപ്പിച്ചു. രൂപത ഫിനാൻസ് ഓഫീസർ ഫാ. ജോർജ് മുണ്ടനാട്ട്, ചാൻസലർ ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട് എന്നിവർ യോഗത്തിൽ സംസാരിച്ചു.



താമരശ്ശേരി രൂപതയുടെ പതിമൂന്നാം പാസ്റ്ററൽ കൗൺസിൽ പ്രഫ. രാജീവ് കൊച്ചുപറമ്പിൽ ഉദ്ഘാടനം ചെയ്യുന്നു

രൂപത ലക്ഷ്യമിടുന്ന 'സമുദായ ശാക്തീകരണ വർഷ'ത്തിന്റെ രൂപരേഖയും കർമ്മ പദ്ധതികളും മോൺ. അബ്രാഹം വയലിൽ, ഫാ. മാത്യു തൂമുള്ളിൽ എന്നിവർ ചേർന്ന് അവതരിപ്പിച്ചു. തുടർന്ന് നടന്ന പൊതുചർച്ചയിൽ സമുദായവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ കൗൺസിൽ അംഗങ്ങൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്തി. ഫാ. ജെയിംസ് കുഴിമറ്റം, ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട് എന്നിവർ രചിച്ച പുസ്തകങ്ങളുടെ പ്രകാശന കർമ്മം മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവഹിച്ചു. സമുദായ ശാക്തീകരണ വർഷത്തിന്റെ ഔദ്യോഗിക ലോഗോ പ്രകാശനവും ഇതോടൊപ്പം നടന്നു.



ട്രീസ സെബാസ്റ്റ്യൻ

പാസ്റ്ററൽ കൗൺസിലിന്റെ പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും യോഗത്തിൽ നടന്നു. പുതിയ സെക്രട്ടറിയായി ട്രീസാ സെബാസ്റ്റ്യനെ തെരഞ്ഞെടുത്തു. ഫാ. പീറ്റർ സി.എം.ഐ, സി. ഉദയ സി.എം.സി, മാജുഷ് മാത്യു, അഡ്വ. ബീന ജോസ് എന്നിവരെ സെൻട്രൽ കമ്മിറ്റി അംഗങ്ങളായി തെരഞ്ഞെടുത്തു.

## അൽഫോൻസാ കോളജിന് പുതിയ നേതൃത്വം

**തിരുവമ്പാടി●** താമരശ്ശേരി രൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന തിരുവമ്പാടി അൽഫോൻസാ കോളജിന്റെ പുതിയ മാനേജറായി ഫാ. ആന്റണി കാരിക്കുന്നേൽ സ്ഥാനമേറ്റു. പത്ത് വർഷം കോളജിന് നേതൃത്വം നൽകിയ മാനേജർ ഫാ. സ്കറിയ മങ്കരയ്ക്കും രണ്ട് വർഷം അഡ്മിനിസ്ട്രേറ്ററായിരുന്ന ഫാ. മനോജ് കൊല്ലംപറമ്പിലിനും യാത്രയയപ്പും നൽകി.



ഫാ. ആന്റണി കാരിക്കുന്നേൽ

ചടങ്ങിൽ താമരശ്ശേരി രൂപത കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് പാലക്കാട്ട് അധ്യക്ഷത വഹിച്ചു. കോളജ് പ്രിൻസിപ്പൽ ഡോ. ഷൈജു ഏലിയാസ്, വൈസ് പ്രിൻസിപ്പൽ എം. സി. സെബാസ്റ്റ്യൻ, വിവിധ വകുപ്പ് മേധാവികൾ എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു.

## 'പാലിംപ്സെസ്റ്റ്' ജേർണൽ പ്രകാശനവും ഡിജിറ്റൽ ലോഞ്ചിങ്ങും

**തിരുവമ്പാടി●** അൽഫോൻസാ കോളജിലെ ഗവേഷണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന 'പാലിംപ്സെസ്റ്റ്: ജേർണൽ ഓഫ് ഇന്റർഡിസിപ്ലിനറി സ്റ്റഡീസ്' എന്ന അക്കാദമിക് ജേർണലിന്റെ പ്രഥമ ലക്കത്തിന്റെ പ്രകാശനവും ഡിജിറ്റൽ ലോഞ്ചിങ്ങും നടന്നു.


രൂപത ഫിനാൻസ് ഓഫീസർ ഫാ. ജോർജ് മുണ്ടനാട്ട് ജേർണലിന്റെ പ്രഥമ ലക്കം പ്രകാശനം ചെയ്തു. കുട്ടിക്കാനം മരിയൻ കോളജ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് സെൽ ഡയറക്ടർ ഡോ. ജോബി ബാബു ആദ്യപ്രതി ഏറ്റുവാങ്ങി. വെബ്സൈറ്റ് ഡോ. ജോബി ബാബു ഉദ്ഘാടനം ചെയ്തു.

അനു ആന്റണി ജേർണൽ പരിചയപ്പെടുത്തി. ഡോ. ഷൈജു ഏലിയാസ് അധ്യക്ഷത വഹിച്ചു. ഫാ. ആന്റണി കാരിക്കുന്നേൽ, ഡോ. ജെയിംസ് പോൾ, റവ. ഡോ. ജിയോ മാത്യു എന്നിവർ പ്രസംഗിച്ചു.

ദേശീയ പഞ്ചഗുസ്തി ചാമ്പ്യൻഷിപ്പ്

## ഇരട്ട സ്വർണ്ണവുമായി സാജി ജോൺ

**കോഴിക്കോട്●** ബെംഗളൂരുവിൽ നടന്ന ദേശീയ പഞ്ചഗുസ്തി ചാമ്പ്യൻഷിപ്പിൽ ഗ്രാന്റ് മാസ്റ്റർ 70 കിലോ വിഭാഗത്തിൽ ഇടതും വലതും കൈകൾക്ക് സ്വർണ്ണം നേടി കോഴിക്കോട് സ്വദേശി വലിയപുത്തൻപുരയിൽ സാജി ജോൺ നാടിന് അഭിമാനമായി. ഇരട്ട സ്വർണ്ണ നേട്ടത്തോടെ, ഒക്ടോബർ 20–ന് ജപ്പാനിൽ നടക്കുന്ന ലോക പഞ്ചഗുസ്തി ചാമ്പ്യൻഷിപ്പിൽ മത്സരിക്കാനുള്ള യോഗ്യതയും കരസ്ഥമാക്കി. കൂമുള്ളി ഇടവകാംഗമാണ്.



സാജി ജോൺ

2024–ൽ ദേശീയ തലത്തിൽ സ്വർണ്ണം നേടി. 2025–ൽ അസർബൈജാനിൽ നടന്ന ലോക ചാമ്പ്യൻഷിപ്പിൽ ഗ്രാന്റ് മാസ്റ്റർ മെൻ 70 കിലോ വിഭാഗത്തിൽ തിളക്കമാർന്ന പ്രകടനം കാഴ്ചവെച്ചിരുന്നു.

## കാത്തലിക് മെന്റൽ ഹെൽത്ത് മിനിസ്ട്രി

**താമരശ്ശേരി●** 'കാത്തലിക് മെന്റൽ ഹെൽത്ത് മിനിസ്ട്രി' രൂപതയിൽ പ്രവർത്തനമാരംഭിച്ചു. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം നിർവഹിച്ചു. ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ കീഴിലുള്ള അസോസിയേഷൻ ഓഫ് കാത്തലിക് മെന്റൽ ഹെൽത്ത് മിനിസ്ട്രിയുടെ ഭാഗമായാണ് ഈ പുതിയ സംരംഭം വിഭാവനം ചെയ്തിരിക്കുന്നത്. മാനസികാരോഗ്യത്തെക്കുറിച്ചുള്ള തെറ്റായ ധാരണകൾ തിരുത്തുക, ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക, കൗൺസിലിങ് ലഭ്യമാക്കുക എന്നിവയാണ് മിനിസ്ട്രിയുടെ പ്രധാന ചുമതലകൾ. കോഴിക്കോട് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്തിന്റെ സാങ്കേതിക സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. മെന്റൽ ഹെൽത്ത് മിനിസ്ട്രി രൂപതാ ഡയറക്ടർ ഫാ. കുര്യൻ പുരമഠം അധ്യക്ഷത വഹിച്ചു. രൂപത ചാൻസലർ ഫാ. സുബിൻ കാവളക്കാട്ട്, ഫാ. സായി പാറൻകുളങ്ങര, ഫാ. ജോജി എന്നിവർ പ്രസംഗിച്ചു.

## വചനത്താൽ ഹൃദയം ജ്വലിപ്പിക്കാൻ മതാധ്യാപകർ: ശ്രദ്ധേയമായി 'എമ്മാവൂസ് മീറ്റ് 2026'

**പുല്ലൂരാംപാറ●** ബഥാനിയ റിന്യൂവൽ സെന്ററിൽ നടന്ന താമരശ്ശേരി രൂപതയിലെ മതാധ്യാപകരുടെ സംഗമമായ 'എമ്മാവൂസ് മീറ്റ് 2026' ശ്രദ്ധേയമായി. സഭയുടെ വിശ്വാസ പരിശീലന രംഗത്ത് അധ്യാപകരുടെ പങ്കും പ്രാധാന്യവും വിളിച്ചോതുന്നതായിരുന്നു സംഗമം.

രൂപതാധ്യക്ഷൻ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. സഭയ്ക്കുവേണ്ടി ജീവൻ സമർപ്പിക്കാനും നിസ്വാർത്ഥമായി ശുശ്രൂഷ ചെയ്യുവാനും എക്കാലവും പ്രചോദനം നൽകുന്നത് വിശുദ്ധ കുർബാനയും വചനവുമാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. വചനം പങ്കുവയ്ക്കപ്പെടുമ്പോൾ ഹൃദയങ്ങൾ ജ്വലിക്കുമെന്നും ബിഷപ് കൂട്ടിച്ചേർത്തു. രൂപതാ വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ ചടങ്ങിൽ അനുഗ്രഹ പ്രഭാഷണം നടത്തി. പ്രമുഖ വചനപ്രഘോഷകൻ ബേബി ജോൺ കലയന്താനിയായിരുന്നു മുഖ്യ സന്ദേശം നൽകിയത്.



എമ്മാവൂസ് മീറ്റ് 2026 –ൽ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ സംസാരിക്കുന്നു

പഠന പാഠ്യേതര വിഷയങ്ങളിൽ മികച്ച നേട്ടം കൈവരിച്ചവരേയും ജൂബിലിയേറിയൻസിനെയും ആദരിച്ചു. രൂപത പ്രസിഡന്റ് ഷിജു മുട്ടുങ്കൽ, വിശ്വാസ പരിശീലന കേന്ദ്രം രൂപതാ ഡയറക്ടർ ഫാ. ജോൺ പള്ളിക്കാവയലിൽ, ബഥാനിയ ഡയറക്ടർ ഫാ. റോണി പോൾ കാവിൽ, ബേബി വെളിയംകുളത്ത്, ബാബു ചെട്ടിപ്പറമ്പിൽ എന്നിവർ പ്രസംഗിച്ചു.

വിശ്വാസ കൈമാറ്റം, ഫാമിലി കാറ്റക്കേസിസ് പുസ്തക പ്രകാശനവും ആയിരം ദിവസത്തെ വചന വായന പദ്ധതിയായ ബൈബിൾ ജേർണി ഉദ്ഘാടനവും ചടങ്ങിൽ നടന്നു.


1 –ാം ചരമവാർഷികം
03/06/2026



ജിനു ജോസഫ്
കല്ലറയ്ക്കൽ, കല്ലാനോട്
ജനനം : 23/06/1979 മരണം : 03/06/2025
ഒരിക്കലും തീരാത്ത ഓർമ്മകളുമായി
ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്
ഡാഡി, ചേച്ചി, ഭാര്യ പ്രിയ, മക്കൾ അമലുനിയ, അലൻ, ചേട്ടൻ ജിന്റോയും കുടുംബവും.

## ഫാ. സിബി പുളിക്കൽ മെൽബൺ രൂപത സിഞ്ചെല്ലൂസ്



● താമരശ്ശേരി രൂപതാ വൈദികൻ ഫാ. സിബി പുളിക്കൽ ഓസ്‌ട്രേലിയയിലെ മെൽബൺ രൂപതയുടെ സിഞ്ചെല്ലൂസായി (വികാരി ജനറൽ) തെരഞ്ഞെടുക്കപ്പെട്ടു. 2022 മുതൽ മെൽബൺ രൂപതയിൽ സേവനം ചെയ്തുവരികയാണ്. 2002-ൽ ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടി. മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ 19 വർഷം സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1996 ജനുവരി ഒന്നിന് പൗരോഹിത്യം സ്വീകരിച്ച ഫാ. സിബി പുളിക്കൽ, പശുക്കടവ് പുളിക്കൽ പരേതനായ കുര്യന്റെയും മേരിയുടെയും മകനാണ്.

## നേട്ടം



● റോമിലെ പൊന്തിഫിക്കൽ അന്തോനിയാനും യൂണിവേഴ്സിറ്റിയിൽ നിന്ന് കാനൻ നിയമത്തിൽ ഡോക്ടറേറ്റ് നേടിയ താമരശ്ശേരി രൂപതാ വൈദികൻ ഫാ. ജോസഫ് കുന്നത്ത്. ആനക്കാംപൊയിൽ കുന്നത്ത് ജോസ്-ലീലാമ്മ ദമ്പതികളുടെ മകനാണ്.



● കോഴിക്കോട് ജില്ലാ സഹകരണ പ്ലാനിങ് അസിസ്റ്റന്റ് റജിസ്ട്രാറായി നിയമിതനായ കിഷോർ കെ. ജോസ്. കൂരാച്ചുണ്ട് കൂവണ്ണിൽ (പൂവരണിയിൽ) ജോസ് പോളിന്റെയും കാതറീൻ ജോസിന്റെയും മകൻ. ഭാര്യ: ജെയ്ൻ പോൾ (കോഴിക്കോട് മെഡിക്കൽ കോളജ് ഡെപ്യൂട്ടി നഴ്സിങ് സൂപ്രണ്ട്).



● മാനേജ്മെന്റ് സ്റ്റഡീസിൽ പിഎച്ച്ഡി (ക്രൈസ്റ്റ് യൂണിവേഴ്സിറ്റി, ബാംഗ്ലൂർ) നേടിയ ബിൻസി ആൻ ബാബു (അസി. പ്രഫസർ, ക്രിസ്തു ജയന്തി യൂണിവേഴ്സിറ്റി, ബെംഗളൂരു). വേനപ്പാറ കണ്ണമുണ്ടയിൽ ബാബു തോമസിന്റെയും സിസിലിയുടെയും മകളാണ്.

## ബഥാനിയയിൽ അഖണ്ഡ ജപമാല സമർപ്പണം 26-ാം വർഷത്തിലേക്ക്

# ഇനി, ജപമാല ഭക്തിയുടെ ദിനരാത്രങ്ങൾ

**പുല്ലൂരാംപാറ** ● താമരശ്ശേരി രൂപതയുടെ ആത്മീയ നവീകരണ കേന്ദ്രമായ ബഥാനിയ റിന്യൂവൽ സെന്ററിൽ ദിവ്യകാരുണ്യ ആരാധനയും അഖണ്ഡജപമാല സമർപ്പണവും ജൂലൈ 16-ന് ആരംഭിക്കും. ലോക സമാധാനവും കുടുംബവിശുദ്ധീകരണവുമാണ് മുഖ്യനിയോഗങ്ങൾ.

ജൂലൈ 16-ന് രാവിലെ 9.30-ന് ഗാനശുശ്രൂഷയും 10-ന് വിശുദ്ധ കുരിശിന്റെ വഴിയും 10.45-ന് സ്തുതി ആരാധനയും നടക്കും. തുടർന്ന് 11.15-ന് ആഘോഷമായ വിശുദ്ധ കുർബാന. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ മുഖ്യകാർമികത്വം വഹിക്കും. 12.30-ന് ദിവ്യകാരുണ്യ ആരാധനയും ജപമാല സമർപ്പണവും ആരംഭിക്കും.




101 ദിവസം രാപകലുകൾ ഇടമുറിയാതെ നടത്തുന്ന ദിവ്യകാരുണ്യ ആരാധനയും അഖണ്ഡജപമാല സമർപ്പണവും ഒക്ടോബർ 24-ന് സമാപിക്കും.

എല്ലാ ദിവസവും കുമ്പസാരത്തിനും സ്പിരിച്വൽ ഷെയറിങ്ങിനുമുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. 24 മണിക്കൂറും ആരാധനയുണ്ടാകും. ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ ആറിനും ഉച്ചയ്ക്ക് 12നും വൈകിട്ട് ഏഴിനും ദിവ്യബലിയർപ്പണം നടക്കും.

എല്ലാ ദിവസവും പകൽ മൂന്നിനും പുലർച്ചെ മൂന്നിനും കുരിശിന്റെ വഴിയും കരുണക്കൊന്തയും നടത്തും.

എല്ലാ ദിവസവും ഉച്ചയ്ക്കും രാത്രിയും നേർച്ച ഭക്ഷണമുണ്ട്. ആരാധനയ്ക്കാവശ്യമായ എണ്ണ, മെഴുകുതിരി തുടങ്ങിയവ സമർപ്പിക്കുവാനും ഭക്തവസ്തുക്കൾ വെഞ്ചരിക്കാനുമുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

വാഹനങ്ങൾക്ക് പ്രത്യേകം പാർക്കിങ് സൗകര്യമുണ്ട്. പ്രാർത്ഥനാ ഗ്രൂപ്പുകൾക്കും ഭക്തസംഘടനകൾക്കും പ്രത്യേകം പ്രാർത്ഥനാ സൗകര്യം ഒരുക്കിയിട്ടുണ്ട്.

ഡയറക്ടർ ഫാ. റോണി പോൾ കാവിൽ, അസി. ഡയറക്ടർ ഫാ. അജിത്ത് വെളിയത്ത് എന്നിവർ നേതൃത്വം നൽകും.

## ലോഗോസ് ക്വിസ് 2026: രജിസ്ട്രേഷൻ ആരംഭിച്ചു

**താമരശ്ശേരി** ● കെസിബിസി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ലോഗോസ് ക്വിസ് 2026-ന്റെ രജിസ്ട്രേഷൻ ആരംഭിച്ചു. ജൂലൈ 31-ന് അവസാനിക്കും. പരീക്ഷാർത്ഥികൾ തങ്ങളുടെ സ്കൂൾ രേഖകളിലോ ആധാർ കാർഡിലോ ഉള്ള ഔദ്യോഗിക പേര് തന്നെ രജിസ്റ്റർ ചെയ്യുവാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് രൂപതാ ബൈബിൾ അപ്പസ്തോലേറ്റ് ഡയറക്ടർ ഫാ. അബ്രഹാം സ്രാമ്പിക്കൽ അറിയിച്ചു.

പ്രായത്തിന്റെ അടിസ്ഥാനത്തിൽ പരീക്ഷാർത്ഥികളെ ആറ് വിഭാഗങ്ങളായി തിരിച്ചാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. 2015 ജനുവരി ഒന്നിനോ അതിനുശേഷമോ ജനിച്ചവർ 'എ' കാറ്റഗറിയിലും, 2010 ജനുവരി ഒന്നിനും 2014 ഡിസംബർ 31-നും ഇടയിൽ ജനിച്ചവർ 'ബി' കാറ്റഗറിയിലും ഉൾപ്പെടും. 1995 ജനുവരി ഒന്നിനും 2009 ഡിസംബർ 31-നും ഇടയിൽ ജനിച്ചവർക്ക് 'സി' കാറ്റഗറിയും, 1975 ജനുവരി ഒന്നിനും 1994 ഡിസംബർ 31-നും ഇടയിൽ ജനിച്ചവർക്ക് 'ഡി' കാറ്റഗറിയുമാണ് അനുവദിച്ചിട്ടുള്ളത്. 1962 ജനുവരി ഒന്നിനും 1974 ഡിസംബർ 31-നും ഇടയിൽ ജനിച്ചവരെ 'ഇ' കാറ്റഗറിയിലും, 1961 ഡിസംബർ 31-നോ അതിനുമുൻപും ജനിച്ചവരെ 'എഫ്' കാറ്റഗറിയിലുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരീക്ഷ എഴുതുന്ന ഭാഷ ഇംഗ്ലീഷോ മലയാളമോ എന്ന് അപേക്ഷയിൽ കൃത്യമായി രേഖപ്പെടുത്തണം. ഇതിനുപുറമെ, റജിസ്ട്രേഷൻ പൂർത്തിയാക്കുന്നതിന് മുൻപായി പരീക്ഷാ കേന്ദ്രത്തിന്റെ പേര്, പരീക്ഷാർത്ഥിയുടെ പേരും വീട്ടുപേരും, പ്രായം ഉൾപ്പെടുന്ന കാറ്റഗറി, പരീക്ഷാ ഭാഷ എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തണം.

മലബാർ വിഷൻ ഓൺലൈൻ കമ്യൂണിറ്റിയിൽ അംഗമാകാൻ QR കോഡ് സ്കാൻ ചെയ്യൂ

ഉപകാരസ്മരണ



വി.അന്തോണീസിന്റെ മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ
ഒരു വിശ്വാസി - ആഞ്ചല, കാനഡ

ഉപകാരസ്മരണ



വി.യൂദാശ്ലീഹായുടെ മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ
ഒരു വിശ്വാസി - ആഞ്ചല, കാനഡ

ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**
മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കു വേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫല സിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷ വിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.
**(ഈ പ്രാർത്ഥന ഒൻപത് ദിവസം ഒൻപത് പ്രാവശ്യം അടുപ്പിച്ച് ചൊല്ലുക. ഫലം കാണാതിരിക്കില്ല.)**
സൂരജ് വെറ്റിലപ്പാറ (വൈകിയതിൽ ക്ഷമാപണം)

ഉപകാരസ്മരണ



വി.യൂദാശ്ലീഹായുടെ മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ
ഒരു വിശ്വാസി-കൂരാച്ചുണ്ട്

ഉപകാരസ്മരണ



വി.യൂദാശ്ലീഹായുടെ മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ
അഖില പരിയാപുരം

ഉപകാരസ്മരണ



വി.യൂദാശ്ലീഹായുടെ മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ
ഒരു വിശ്വാസി

# താങ്ങായി, തുണയായി വിലങ്ങാടിനൊപ്പം

**വിലങ്ങാട് പുനരധിവാസം ഒന്നാം ഘട്ടം പൂർത്തിയായി. 70 വീടുകൾ കൈമാറി. രണ്ടാം ഘട്ടത്തിന് തുടക്കം**

പ്രകൃതി ദുരന്തത്തിൽ സർവ്വതും നഷ്ടപ്പെട്ട വിലങ്ങാടിന് പുതുജീവൻ നൽകി, കേരള കത്തോലിക്കാ സഭയുടെ സഹകരണത്തോടെ താമരശ്ശേരി രൂപത നടപ്പിലാക്കിയ പുനരധിവാസ പദ്ധതിയുടെ ഒന്നാംഘട്ട സമാപനവും രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും മഞ്ഞക്കുന്ന് സെന്റ് അൽഫോൻസ പള്ളിയങ്കണത്തിൽ നടന്നു. പൂർത്തിയാക്കിയ ഭവനങ്ങളുടെ താക്കോൽദാനം മാർ ജോസഫ് പാംപ്ലാനിയും മാനന്തവാടി രൂപതാ സഹായമെത്രാൻ മാർ അലക്സ് താരാമംഗലവും ചേർന്ന് നിർവഹിച്ചു.



കേരള കത്തോലിക്കാ സഭയുടെ സഹകരണത്തോടെ താമരശ്ശേരി രൂപത നടപ്പിലാക്കിയ പുനരധിവാസ പദ്ധതിയുടെ ഒന്നാംഘട്ട സമാപനവും രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും ആർച്ച് ബിഷപ്പ് ഡോ. വർഗ്ഗീസ് ചക്കാലക്കൽ നിർവഹിക്കുന്നു

### മാതൃകയായി സഭ



പാർശ്വവൽക്കരിക്കപ്പെട്ടവരുടെ കൂടെ നിൽക്കുന്ന മെത്രാൻ സമിതിയാണ് കേരളത്തിലുള്ളതെന്ന് ചടങ്ങ് ഉദ്ഘാടനം ചെയ്ത കോഴിക്കോട് അതിരൂപതാ ആർച്ച് ബിഷപ്പ് ഡോ. വർഗ്ഗീസ് ചക്കാലക്കൽ പറഞ്ഞു. ദുരന്ത സമയത്ത് നിരവധിപേർ വലിയ വാഗ്ദാനങ്ങൾ നൽകിയെങ്കിലും പിന്നീട് അവരെക്കുറിച്ച് വിവരമൊന്നുമുണ്ടായില്ല. എന്നാൽ 100 വീടുകൾ വാഗ്ദാനം ചെയ്ത കത്തോലിക്കാ മെത്രാൻ സമിതി, വിലങ്ങാട്ടിലും വയനാട്ടിലുമായി ഇതുവരെ 160 വീടുകളാണ് നിർമ്മിച്ച് നൽകിയത്.

### യഥാർത്ഥ 'കേരള സ്റ്റോറി'



ജാതി, മത, വർണ്ണ വ്യത്യാസങ്ങൾക്കതീതമായി സങ്കടപ്പെടുന്നവരെ ചേർത്തുപിടിച്ച് ദുരന്തത്തെ തോൽപ്പിച്ചതാണ് യഥാർത്ഥ 'കേരള സ്റ്റോറി' എന്ന് അധ്യക്ഷപ്രസംഗത്തിൽ തലശ്ശേരി അതിരൂപതാ ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി വ്യക്തമാക്കി. കേരളത്തിലെ മുഴുവൻ ആളുകളുടെയും അകമഴിഞ്ഞ സഹകരണം കൊണ്ടാണ് കെസിബിസിക്ക് ഇത്തരമൊരു പദ്ധതി വിജയകരമായി പൂർത്തിയാക്കാൻ സാധിച്ചതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കാലവർഷം അടുത്തിരിക്കെ വിലങ്ങാടുകാർ ഭീതിയിലാണെന്ന് ആമുഖ പ്രഭാഷണം നടത്തിയ താമരശ്ശേരി രൂപതാ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ചൂണ്ടിക്കാട്ടി. ദുരന്തബാധിത പ്രദേശത്ത് വീട് വയ്ക്കരുതെന്ന് വിലക്കുന്ന അധികാരികൾ, ജനങ്ങൾ എവിടെ താമസിക്കണമെന്ന ചോദ്യത്തിന് മുന്നിൽ മൗനം പാലിക്കുകയാണ്.




രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പ്രത്യേക ടാസ്ക് ഫോഴ്സിന്റെ ഉദ്ഘാടനം മാർ റെമീജിയോസ് ഇഞ്ചനാനിയിലും മേപ്പയ്യൂർ സലഫിയ കോളേജ് അസോസിയേഷൻ പ്രസിഡന്റ് ഡോ. ഹുസൈൻ മടവൂരും ചേർന്ന് നിർവ്വഹിച്ചു.

സിഒഡി രൂപതാ ഡയറക്ടർ ഫാ. സായി പാറൻകുളങ്ങര പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. രൂപതാ വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ, മാർ അലക്സ് താരാമംഗലം, ഡോ. ഹുസൈൻ മടവൂർ, കെസിബിസി ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ഫാ. തോമസ് തറയിൽ, കെസിബിസി ഡിസാസ്റ്റർ മിറ്റിഗേഷൻ കമ്മിറ്റി അംഗം ഫാ. മൈക്കിൾ വെട്ടിക്കാട്, ദേവഗിരി സെന്റ് ജോസഫ്സ് കോളജ് അഡ്മിനിസ്ട്രേറ്റർ ഫാ. ബോണി അഗസ്റ്റിൻ സിഎംഐ, വാണിമേൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രദീപ് മാസ്റ്റർ, കെസിഎംഎസ് പ്രസിഡന്റ് സിസ്റ്റർ ഡോ. ആർദ്ര എസ്ഐസി, അപ്പസ്തോലിക് കാർമൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ ജസീന എ.സി, വിലങ്ങാട് ഫൊറോന വികാരി ഫാ. വിൽസൺ മുട്ടത്തുകുന്നേൽ, മഞ്ഞക്കുന്ന് ഇടവക വികാരി ഫാ. ബോബി പൂവത്തിങ്കൽ, ജീസസ് യൂത്ത് ആനിമേറ്റർ റെജി ജെ. കരോട്ട്, വാർഡ് മെമ്പർ ഷെബി സെബാസ്റ്റ്യൻ, കെഎസ്എസ്എഫ് ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ എന്നിവർ പ്രസംഗിച്ചു. പ്രദേശവാസികളും ജനപ്രതിനിധികളും വൈദികരും സന്യസ്തരും ഉൾപ്പെടെ നിരവധി പേർ ചടങ്ങിൽ പങ്കെടുത്തു.

മലബാർ വിഷനെക്കുറിച്ചുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കാൻ QR കോഡ് സ്കാൻ ചെയ്യൂ



2026 മേയ്–ജൂൺ ലക്കം ക്വിസ് കോർണറിൽ ശരിയുത്തരം അയച്ച 310 പേരിൽ നിന്നും നറുക്കെടുപ്പിലൂടെ വിജയികളായവർ:



● ഒന്നാം സമ്മാനം, 1000 രൂപ
**ഏയ്ഞ്ചൽ ജോസ്**
ചിറ്റിലപ്പിള്ളി, കൂരോട്ടുപാറ



● രണ്ടാം സമ്മാനം, 500 രൂപ
**ആലീസ് ആന്റണി**
പയ്യപ്പിള്ളിൽ, പെരുവണ്ണാമൂഴി



● മൂന്നാം സമ്മാനം, 250 രൂപ
**നെവിൻ ഷിന്റോ**
കപ്യാരുമലയിൽ, കണ്ണോത്ത്

ഉത്തരങ്ങൾ അയയ്ക്കേണ്ട വാട്സാപ് നമ്പർ
**9744 99 5553**

സമ്മാനങ്ങൾ സ്പോൺസർ ചെയ്യുന്നത്
**ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

## ക്വിസ് കോർണർ 2026

### 2026 ജൂലൈ – ആഗസ്റ്റ് ചോദ്യങ്ങൾ

**ഈ ലക്കത്തിൽ നിന്നുമാണ് ചോദ്യങ്ങൾ തയ്യാറാക്കിയിരിക്കുന്നത്**

1. 10 –ാം ക്ലാസ് അടിസ്ഥാന യോഗ്യതയുള്ളവർക്ക് എഴുതാവുന്ന എസ്എസ്സിയുടെ ഏറ്റവും വലിയ പരീക്ഷ ഏത്?
2. ഇന്റർനെറ്റും മൊബൈൽ ഫോണും വ്യാപകമായ കാലത്ത് വളർന്ന ഡിജിറ്റൽ മാറ്റത്തിന്റെ തലമുറ ഏത്?
3. മനുഷ്യശരീരത്തിലെ രണ്ടാമത്തെ തലച്ചോർ എന്ന് അറിയപ്പെടുന്ന അവയവത്തിന്റെ ശാസ്ത്രീയ നാമം എന്ത്?
4. ഭാരതസഭയ്ക്ക് തോമാശ്ലീഹാ നൽകിയ ഏറ്റവും വലിയ സമ്മാനം ഏത് ?
5. എന്തിന്റെ ആവിർഭാവമാണ് ലോകത്ത് വലിയൊരു വിജ്ഞാന സ്ഫോടനത്തിന് വഴിയൊരുക്കിയത്?
6. ഇന്നത്തെ കാലത്ത് എല്ലാവർക്കും ചെയ്യാൻ പറ്റിയ മികച്ച ലൈഫ് സ്റ്റൈൽ ഹാക്ക് എന്താണ്?
7. സൗഹൃദത്തിനും പ്രണയത്തിനും ഇടയിലുള്ള വ്യക്തമായ നിർവചനമോ പ്രതിബദ്ധതയോ ഇല്ലാത്ത ബന്ധം ഏത്?
8. ലൈംഗിക ഐക്യം വിവാഹത്തിന്റെ വിശുദ്ധ ബന്ധത്തിനുള്ളിൽ ആയിരിക്കണം എന്ന് പഠിപ്പിക്കുന്നത് ആര്?
9. 'ഏതൊരു മഹാസഞ്ചയത്തിനു മുമ്പിൽ നിൽക്കുമ്പോഴും താൻ കാണുന്നത് ആൾക്കൂട്ടത്തെയല്ല, വ്യക്തികളെയാണ്' എന്ന് പറഞ്ഞത് ആര്?
10. കുടുംബബന്ധങ്ങളിൽ മൗനവും കാലുഷ്യവും ഏകാന്തതയും നിറയുന്നത് എപ്പോഴാണ്?

**ഉത്തരങ്ങൾ 2026 ആഗസ്റ്റ് 15–ന് മുമ്പ് ലഭിക്കണം**

### 2026 മേയ്–ജൂൺ ലക്കം ഉത്തരങ്ങൾ

1. മരണത്തിന്റെ വ്യാപാരികൾ 2. കോഴ്സിനോടുള്ള താൽപര്യക്കുറവും പഠനശേഷി കുറവും 3. 1987 4. 1990 5. ഡോ. അംബേദ്ക്കർ 6. 1950 7. കെസിബിസി മദ്യ–ലഹരി വിമുക്ത സമിതി 8. ന്യൂറോട്രാൻസ്മിറ്ററുകളെ (ഡോപ്പമിൻ, സെറോട്ടോണിൻ, നോറഎഡ്രിനലിൻ) 9. ഡിഗ്രി 10. ഫാ. അഗസ്റ്റിൻ മണക്കാട്ടുമറ്റം

### പൊതുനിർദ്ദേശങ്ങൾ

● പേജിന്റെ വലതു വശത്ത് നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരങ്ങൾ എഴുതി, പേരും വിലാസവും രേഖപ്പെടുത്തി അയയ്ക്കേണ്ടതാണ്. ● വാട്സാപ്പിലൂടെ ഉത്തരങ്ങൾ അയയ്ക്കുന്നവർ ഉത്തരങ്ങൾ രേഖപ്പെടുത്തിയ ക്വിസ് കോർണർ ഭാഗം മാത്രം ഫോട്ടോ എടുത്തോ സ്കാൻ ചെയ്തോ അയയ്ക്കണം. ഉത്തരങ്ങൾ വായിച്ചെടുക്കാൻ പാകത്തിനു വേണം ഫോട്ടോയെടുത്ത് അയയ്ക്കാൻ. അവ്യക്തമായ ഉത്തരങ്ങളുള്ളവ പരിഗണിക്കില്ല. ● പേപ്പറുകളിൽ എഴുതിയോ വാട്സാപ്പിൽ ടൈപ്പ് ചെയ്തോ അയയ്ക്കുന്ന ഉത്തരങ്ങൾ മത്സരത്തിനായി പരിഗണിക്കുന്നതല്ല.
● **വിലാസം: എഡിറ്റർ, മലബാർ വിഷൻ, പിഎംഒസി, മേരിക്കുന്ന് പിഒ, കോഴിക്കോട് 673012.** ● സംശയങ്ങൾക്ക് വിളിക്കുക: 97 44 99 5553

ഇവിടെ മുറിക്കുക

**ഉത്തരങ്ങൾ ഇവിടെ എഴുതുക**

1
2
3
4
5
6
7
8
9
10

പേര്: ................................................

വീട്ടുപേര്: ................................................

ഇടവക: ................................................

ഫോൺ: ................................................

# യൂത്തിനെ കാത്ത് കേന്ദ്ര സർവീസുകൾ

**കേന്ദ്ര സർക്കാർ സർവീസിലേക്ക് ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്ന സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ (SSC) ഓരോ വർഷവും നടത്തുന്ന വിവിധ പരീക്ഷകളായ കംബൈൻഡ് ഗ്രാജുവേറ്റ് ലെവൽ, കംബൈൻഡ് ഹയർ സെക്കൻഡറി ലെവൽ, മൾട്ടി ടാസ്കിങ് സ്റ്റാഫ്, ജൂണിയർ എൻജിനീയർ, ജൂണിയർ ട്രാൻസ്ലേറ്റർ, സ്റ്റെനോഗ്രാഫർ തുടങ്ങിയ പരീക്ഷകളെ പരിചയപ്പെടാം**



## വിദ്യാധനം

പ്രഫ. ചാർലി കട്ടക്കയം

കേന്ദ്രസർക്കാരിന്റെ പിഎസ്സിയാണ് സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ (എസ്എസ്സി). ഓരോ വർഷവും പതിനായിരത്തിലധികം വേക്കൻസികളിൽ എസ്എസ്സിയുടെ വിവിധ പരീക്ഷകൾ വഴി നിയമനം നടക്കുന്നുണ്ട്. സംസ്ഥാന സർവീസിനേക്കാൾ കൂടുതൽ അവസരങ്ങൾ കേന്ദ്ര സർവീസിലാണ് ഉള്ളത്. പിഎസ്സി പരീക്ഷ പാസാകുന്നതിനേക്കാൾ എളുപ്പമാണ് എസ്എസ്സി പരീക്ഷ എന്നാണ് വിജയികളുടെ അനുഭവ സാക്ഷ്യം. അതുകൊണ്ടു തന്നെ സർക്കാർ സർവ്വീസ് ആഗ്രഹിക്കുന്നവർ പി.എസ്.സി യൊടൊപ്പം എസ്എസ്സിയും ഒന്ന് ശ്രമിക്കുന്നത് നല്ലതുതന്നെ.

ഉയർന്ന ശബള സ്കെയിലും, കേന്ദ്രസർക്കാർ ആനുകൂല്യങ്ങളും, സ്ഥാനമാനങ്ങളും എസ്.എസ്.സി പരീക്ഷയെ കൂടുതൽ ആകർഷകമാക്കുന്നു. പൂർണ്ണമായും ഓൺലൈൻ കംപ്യൂട്ടർ അധിഷ്ഠിത ഒബ്ജക്റ്റീവ് മാതൃകയിലാണ് മിക്കാവാറും എല്ലാ എസ്.എസ് സി പരീക്ഷകളും. പരീക്ഷകൾക്ക് ടയർ–1, ടയർ–2 എന്നീ രണ്ട് സ്റ്റേജുകൾ ഉണ്ട്. ടയർ–1 പാസാകുന്നവരെ ഷോർട്ട് ലിസ്റ്റ് ചെയ്ത് ടയർ –2 വിനും തുടർന്ന് അഭിമുഖത്തിനും വിളിക്കും. കംബൈൻഡ് ഗ്രാജുവേറ്റ് ലെവൽ, കംബൈൻഡ് ഹയർ സെക്കൻഡറി ലെവൽ, മൾട്ടി ടാസ്ക്കിങ് സ്റ്റാഫ്, ജൂണിയർ എൻജിനിയർ, ജൂണിയർ ട്രാൻസ്ലേറ്റർ, സ്റ്റെനോഗ്രാഫർ, ജിഡി കോസ്റ്റബിൾ തുടങ്ങിയവയാണ് എസ് എസ് സിയുടെ പ്രധാന പരീക്ഷകൾ.

പരീക്ഷകൾ എല്ലാം പല സമയങ്ങളിലായി വെവ്വേറെ നടത്തുന്നു. ഓരോ പരീക്ഷയ്ക്കും വെവ്വേറെ അപേക്ഷിക്കണം. മിക്കവാറും പരീക്ഷകളുടെ അപേക്ഷ ഫീസ് നൂറ് രൂപ മാത്രമാണ്. എസ്എസ്സിയുടെ സിജിഎൽ പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നവർക്ക് വളരെ എളുപ്പത്തിൽ എസ്എസ്സിയുടെ മറ്റ് പരീക്ഷകളും എഴുതി വിജയിക്കാൻ സാധിക്കും.

പിഎസ്സിയ്ക്ക് രജിസ്റ്റർ ചെയ്യുന്നതുപോലെ എസ്എസ്സിയ്ക്കും ആദ്യ ഒറ്റത്തവണ രജിസ്റ്റർ ചെയ്യണം. ഒരിക്കൽ രജിസ്റ്റർ ചെയ്താൽ പിന്നീട് എപ്പോൾ വേണമെങ്കിലും എസ്എസ്സിയുടെ പരീക്ഷകൾ അടക്കമുള്ള നോട്ടിഫിക്കേഷനുകൾ കാണാനും കഴിയും. കൂടുതൽ വിവരങ്ങൾക്ക് ssc.gov.in ൽ ലഭ്യമാണ്.

### കംബൈൻഡ് ഗ്രാജുവേറ്റ് ലെവൽ

സിവിൽ സർവ്വീസ് പരീക്ഷ കഴിഞ്ഞാൽ ഇന്ത്യയിലെ ബിരുദ ധാരികളുടെ പ്രധാന ലക്ഷ്യമാണ് എസ്എസ്സി നടത്തുന്ന കംബൈൻഡ് ഗ്രാജുവേറ്റ് ലെവൽ പരീക്ഷ. കേന്ദ്ര ഗവൺമെന്റ് സർവീസിലെ ഉന്നത സ്ഥാപനങ്ങളിൽ എത്താവുന്ന തസ്തികകളിലേക്കാണ് ഈ പരീക്ഷയിലൂടെ നിയമനം. കേന്ദ്രസർക്കാരിന്റെ വിവിധ വകുപ്പുകളിൽ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ, അക്കൗണ്ട് ഓഫീസർ, സെക്ഷൻ ഓഫീസർ, ഇൻകംടാക്സ് ഇൻസ്പെക്ടർ, സെട്രൽ എക്സൈസ് ഇൻസ്പെക്ടർ, എൻഫോഴ്സ്മെന്റ് ഓഫീസർ, ഇൻസ്പെകൂർ, സബ് ഇൻസ്പെകൂർ, ഡിവിഷണൽ അക്കൗണ്ടന്റ്, സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ തുടങ്ങിയ തസ്തികകളിലേക്കാണ് നിയമനം. ഏതെങ്കിലും വിഷയത്തിലെ ബിരുദമാണ് യോഗ്യത.

**പരീക്ഷ–** 2026 വർഷത്തെ പരീക്ഷയ്ക്ക് ഈ മാസം 22 മുൻപായി ഓൺലൈനായി അപേക്ഷിക്കണം. ടയർ –1, ടയർ–2 എന്നിങ്ങനെ രണ്ട് ഘട്ടങ്ങളായാണ് പരീക്ഷ നടത്തുന്നത്.

ടയർ–1 ൽ ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെടുന്നവർക്ക് മാത്രമെ ടയർ–2 എഴുതാനാകൂ. രണ്ടും ഓൺലൈൻ കംപ്യൂട്ടർ ബേസ്ഡ് പരീക്ഷയാണ്. ടയർ–1 പരീക്ഷയിൽ ഇംഗ്ലീഷ് കോംപ്രിഹെൻഷൻ, ജനറൽ അവയർനെസ്, ക്വാണ്ടിറ്റേറ്റീവ് അപ്റ്റിറ്റ്യൂട്, ജനറൽ ഇന്റലിജൻസ് ആന്റ് റീസണിങ് എന്നീ വിഭാഗങ്ങളിൽ നിന്ന് 25 വീതം ചോദ്യങ്ങൾ ഉണ്ടാകും. ആകെ 200 മാർക്ക്.



ടയർ–2 വിൽ ക്വാണ്ടിറ്റേറ്റീവ് ആപ്റ്റിറ്റ്യൂഡ്, ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് കോംപ്രിഹെൻഷൻ എന്നിവയാണ് ഉള്ളത്. ചില പോസ്റ്ററുകൾക്ക് ഫിനാൻസ് സ്റ്റാറ്റിസ്റ്റിക്സ്, കംപ്യൂട്ടർ നോളജ് എന്നിവയിൽ അഡീഷനിൽ പേപ്പറുകൾ ഉണ്ടാകും.

### കംബൈൻഡ് ഹയർ സെക്കൻഡറി ലെവൽ

കൂടുതൽ ഉദ്യോഗാർത്ഥികൾ എഴുതുന്ന സ്റ്റാഫ് സെലക്ഷൻ കമ്മീഷന്റെ രണ്ടാമത്തെ പ്രധാന പരീക്ഷയാണ് കംബൈൻഡ് ഹയർ സെക്കൻഡറി ലെവൽ എക്സാം. അടിസ്ഥാന യോഗ്യത ഹയർ സെക്കൻഡറി ആണ്. ഉയർന്ന യോഗ്യതയുള്ളവർക്കും എഴുതാവുന്നതാണ്. പോസ്റ്റൽ അസിസ്റ്റന്റ്, സോർട്ടിങ് അസിസ്റ്റന്റ്, എൽഡി ക്ലാർക്ക്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ തുടങ്ങിയ തസ്തികകളിലേക്കാണ് നിയമനം. 27 വയസാണ് ഉയർന്ന പ്രായപരിധി. രണ്ട് ഘട്ടങ്ങളിലായി നടത്തുന്ന ഓൺലൈൻ ഒബ്ജക്റ്റീവ് പരീക്ഷയാണിത്. സാധാരണ ഏപ്രിൽ–മെയ് മാസങ്ങളിൽ അപേക്ഷ ക്ഷണിക്കുകയും ആഗസ്റ്റ്–സെപ്റ്റംബറിൽ പരീക്ഷ നടക്കുകയും ചെയ്യും.

### ജൂണിയർ എൻജിനീയർ

ഇന്ത്യയിലെ എൻജിനീയറിംങ് ബിരുദ/ ഡിപ്ലോമക്കാരുടെ സ്വപ്ന പരീക്ഷയാണ് എസ്.എസ്.സി ജൂണിയർ എൻജിനീയർ പരീക്ഷ. ഏതെങ്കിലും വിഷയത്തിൽ എൻജിനീയറിങ് ബിരുദം/ ഡിപ്ലോമയാണ് അടിസ്ഥാന യോഗ്യത. ഉയർന്ന പ്രായപരിധി 30 വയസ്സാണ്. രണ്ട് ഘട്ട എഴുത്ത് പരീക്ഷയും തുടർന്ന് അഭിമുഖവും ഉണ്ടായിരിക്കും. മെയ് ജൂൺ മാസങ്ങളിലാണ് എല്ലാ വർഷവും പരീക്ഷ നടത്താറുള്ളത്.

### ജൂണിയർ ട്രാൻസ്ലേറ്റർ

ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ പ്രാവീണ്യമുള്ളവർക്ക് കിട്ടാവുന്ന കേന്ദ്ര സർക്കാർ ജോലികളിൽ മികച്ച ഒന്നാണ് ജൂണിയർ ട്രാൻസ്ലേറ്റർ തസ്തിക. ജൂണിയർ ഹിന്ദി ട്രാൻസ് ലേറ്റർ, ഹിന്ദി ട്രാൻസ്ലേറ്റർ, ഹിന്ദി പ്രാധാനധ്യാപക് തുടങ്ങിയ തസ്തികകളിലേക്കാണ് നിയമനം. 30 വയസ്സാണ് ഉയർന്ന പ്രായപരിധി. ഇംഗ്ലീഷ്/ ഹിന്ദിയിൽ ബിരുദാനന്തര ബിരുദം ഉള്ളവർക്കാണ് അവസരം. ഇംഗ്ലീഷ് പിജിക്കാർ ഡിഗ്രിതലത്തിൽ ഹിന്ദി ഒരു വിഷയമായി പഠിച്ചിരിക്കണം. അതുപോലെ തിരിച്ചും.

പരീക്ഷ രണ്ടു ഘട്ടമായാണ് നടത്തുക.ആദ്യ ഘട്ട ഒബ്ജക്റ്റീവ് പരീക്ഷയിൽ ജനറൽ ഇംഗ്ലീഷ് ജനറൽ ഹിന്ദി എന്നിവ ഉണ്ടാകും. രണ്ടാം ഘട്ട പരീക്ഷയിൽ തർജിമയും ഉപന്യാസ രചനയും ഉൾപ്പെടുന്നു. രണ്ട് പരീക്ഷയും 200 മാർക്കിന്റേതാണ്. പരീക്ഷയ്ക്ക് ഏപ്രിൽ മാസത്തിൽ അപേക്ഷിക്കണം

### മൾട്ടി ടാസ്ക്കിങ് സ്റ്റാഫ് (എംടിഎസ്)

പിഎസ്സിയിലെ പ്യൂൺ ക്ലാർക്ക് തസ്തികകൾക്ക് സമാനമായ തസ്തികയാണ് എസ്എസ്സിയുടെ മൾട്ടി ടാസ്ക്കിങ് സ്റ്റാഫ്. കേന്ദ്ര സർവീസിലെ ഗ്രൂപ്പ് സി നോൺ ഗസറ്റഡ്, വിവിധ മന്ത്രാലയങ്ങളിലെ നോൺ മിനിസ്റ്റിറിയൽ പോസ്റ്റുകളിലേക്കുള്ള പരീക്ഷയാണിത്.

പത്താം ക്ലാസ് മിനിമം യോഗ്യതയുള്ള 18 മുതൽ 25 വയസ് വരെ പ്രായപരിധി ഉള്ളവർക്ക് അപേക്ഷിക്കാം. ഉയർന്ന യോഗ്യതയുള്ളവർക്കും അപേക്ഷിക്കാവുന്നതാണ്.

മലയാളം ഉൾപ്പെടെ 13 ഭാഷകളിൽ ഈ പരീക്ഷ നടക്കുന്നുണ്ട്. അതിനാൽ പിഎസ്സിക്ക് ഒരുങ്ങുന്നവർക്കും ഇത് എഴുതുക എളുപ്പമാണ്. പരീക്ഷയ്ക്ക് രണ്ട് വിഭാഗങ്ങൾ ഉണ്ട്. സെക്ഷൻ–1 ൽ ന്യൂമറിക്കൽ എബിലിറ്റി, റീസണിങ് എന്നിവയിൽ നിന്നായി മൂന്ന് മാർക്കിന്റെ 40 ചോദ്യങ്ങൾ ഉണ്ടാകും. ഇതിന് 30 ശതമാനം മാർക്ക് നേടി ക്വാളിഫൈ ചെയ്താൽ മതി. സെക്ഷൻ–2 വിൽ ജനറൽ അവയർനെസ്, ഇംഗ്ലീഷ് എന്നിവയിൽ നിന്ന് മൂന്ന് മാർക്കിന്റെ 50 ചോദ്യങ്ങൾ. നെഗറ്റീവ് മാർക്ക് ഈ സെക്ഷനിൽ ഉണ്ട്. ഈ സെക്ഷന്റെ മാർക്കാണ് ഇന്റർവ്യൂവിന് വിളിക്കാൻ പരിഗണിക്കുക. കംപ്യൂട്ടർ ബേസ്ഡ് ഓൺലൈൻ പരീക്ഷയാണിത്. കസ്റ്റംസ്, എക്സൈസ് തുടങ്ങിയ വകുപ്പുകളിലെ മൾട്ടി ടാസ്ക് സ്റ്റാഫായ ഹവിൽദാർ പോസ്റ്റിലേക്കും എം.ടി.എസിനൊപ്പം പരീക്ഷ നടക്കുന്നുണ്ട്. ഈ വിഭാഗക്കാർക്ക് ശാരീരിക യോഗ്യതാ പരീക്ഷയും ഉണ്ടാകും. 2026 ലെ പരീക്ഷയ്ക്ക് ജൂലൈ 1 മുതൽ 30 വരെ അപേക്ഷിക്കാം. സെപ്റ്റംബറിലാണ് പരീക്ഷ.

### സ്റ്റെനോഗ്രഫർ

സ്റ്റെനോഗ്രഫർ ഗ്രേഡ് സി, ഗ്രേഡ് ഡി എന്നീ രണ്ട് വിഭാഗങ്ങളിലേക്കാണ് ഈ വിഭാഗത്തിൽ പരീക്ഷ നടക്കുന്നത്. പ്ലസ്ടുവാണ് മിനിമം യോഗ്യത. ഉയർന്ന യോഗ്യതയുള്ളവർക്കും അപേക്ഷിക്കാം. പ്രായ പരിധി 18 മുതൽ 30 വരെയാണ്. വിവിധ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലും മന്ത്രാലയങ്ങളിലും സ്റ്റെനോഗ്രാഫർമാരുടെ പോസ്റ്റ് ഉണ്ട്. രണ്ട് മണിക്കൂർ ദൈർഘ്യമുള്ള ഓൺലൈൻ പരീക്ഷയ്ക്ക് മൂന്ന് വിഭാഗങ്ങളിൽ നിന്നാണ് ചോദ്യങ്ങൾ ഉണ്ടാകുക. ജനറൽ ഇന്റലിജെൻസ് ആന്റ് റീസണിങ് (50 മാർക്ക്) ജനറൽ അവയർനെസ് (50 മാർക്ക്) ഇംഗ്ലീഷ് ആന്റ് ലാഗ്വേജ് കോമ്പ്രിഹെൻഷൻ (100 മാർക്ക്). ഓരോ മാർക്കിന്റെ മൊത്തം 200 ചോദ്യങ്ങൾ. നെഗറ്റീവ് മാർക്ക് ഉണ്ടാകും. മാത്സ് ആന്റ് ന്യൂമെറിക്കൽ എബിലിറ്റി പരീക്ഷയ്ക്ക് ഇല്ലായെന്നുള്ളതാണ് ഈ പരീക്ഷയുടെ പ്രത്യേകത. ഇംഗ്ലീഷിലോ ഹിന്ദിയിലോ പരീക്ഷ എഴുതാം. സ്റ്റെനോഗ്രാഫി അറിഞ്ഞിരിക്കുന്നത് അഭികാമ്യം. എല്ലാവർഷവും ഏപ്രിൽ മാസത്തിൽ അപേക്ഷ ക്ഷണിക്കും. ജൂലൈ ആഗസ്റ്റിൽ പരീക്ഷ നടക്കും.

### എസ്എസ്സി ജിഡി കോൺസ്റ്റബിൾ

പത്താം ക്ലാസ് അടിസ്ഥാന യോഗ്യതയുള്ളവർക്ക് എഴുതാവുന്ന എസ്എസ്സിയുടെ ഏറ്റവും വലിയ പരീക്ഷയാണ് ജിഡി കോൺസ്റ്റബിൾ എക്സാം. ബോർഡർ സെക്യൂരിറ്റി ഫോഴ്സ് (BSF), സെൻട്രൽ സെക്യൂരിറ്റി ഫോഴ്സ് (CSF), സെൻട്രൽ റിസർവ് പോലീസ് ഫോഴ്സ് (SSF), നർക്കോട്ടിക് കൺട്രോൾ ബ്യൂറോ തുടങ്ങിയവയിലേക്കാണ് നിയമനം. പ്രായപരിധി 18–23. പരീക്ഷയ്ക്ക് നാല് ഘട്ടങ്ങളുണ്ട്.

ഘട്ടം–1 കംപ്യൂട്ടർ ബേസ്ഡ് ഒബ്ജക്റ്റീവ് ടൈപ് പരീക്ഷ. ഇതിൽ പാർട്ട് എ ജനറൽ ഇന്റലിജെൻസ് ആന്റ് റീസണിങ്. പാർട്ട്–ബി ജനറൽ നോളജ് ആന്റ് ജനറൽ അവയർനെസ്. പാർട്ട്–സി ബേസിക് മാത്താമാറ്റ്ക്സ്, പാർട്ട് ഡി– ഇംഗ്ലീഷ് /ഹിന്ദി ഓരോ പാർട്ടിലും രണ്ട് മാർക്കിന്റെ 20 ചോദ്യങ്ങൾ പരീക്ഷയുടെ രണ്ടാം ഘട്ടത്തിൽ ഫിസിക്കൽ എഫിഷ്യൻസി (PET) ടെസ്റ്റും, മൂന്നാം ഘട്ടത്തിൽ ഫിസിക്കൽ സ്റ്റാന്റേർഡ് ടെസ്റ്റും (PST) ഘട്ടം നാലിൽ മെഡിക്കൽ ടെസ്റ്റും ഉണ്ടാകും. എല്ലാ വർഷവും ഏപ്രിൽ മെയ് മാസങ്ങളിലാണ് പരീക്ഷ നടക്കുന്നത്.

# 'മലബാറിന്റെ കുഞ്ഞേട്ടന്' നാടിന്റെ അന്ത്യാഞ്ജലി

**ചെറുപുഷ്പമിഷൻ ലീഗ് സ്ഥാപകനായ കുഞ്ഞേട്ടനൊപ്പം മലബാറിലെ രൂപതകളിൽ സംഘടനയെ വളർത്താൻ കഠിനാധ്വാനം ചെയ്ത തീക്ഷ്ണമതിയായ പ്രേഷിതൻ**

ചെറുപുഷ്പമിഷൻലീഗിന്റെ ആദ്യകാല പ്രവർത്തകരിൽ ഒരാളും മിഷൻ ലീഗ് സ്ഥാപകനായ കുഞ്ഞേട്ടനൊപ്പം (പി. സി. അബ്രഹാം പല്ലാട്ടുകുന്നേൽ) മലബാറിലെ രൂപതകളിൽ സംഘടനയെ വളർത്തുന്നതിനായി കഠിനമായി അദ്ധ്വാനിച്ച സെബാസ്റ്റ്യൻ കരിമാക്കിലിന് നാടിന്റെ അന്ത്യാഞ്ജലി.



സെബാസ്റ്റ്യൻ കരിമാക്കിൽ

മിഷൻ ലീഗിന്റെ പ്രവർത്തനങ്ങൾ കേരളത്തിലെമ്പാടും സജീവമാക്കുന്നതിനായി ഓടിനടന്ന തീക്ഷ്ണമതിയായ പ്രേഷിതനായിരുന്നു. തലശ്ശേരി രൂപതയിലെ മിഷൻ ലീഗിന്റെ ജനറൽ ഓർഗനൈസർ, ജനറൽ സെക്രട്ടറി, പ്രസിഡന്റ് എന്നീ തലങ്ങളിൽ പ്രവർത്തിച്ചു.

താമരശ്ശേരി രൂപത നിലവിൽ വന്നപ്പോൾ രൂപതയുടെ പ്രഥമ പ്രസിഡന്റായി. 1987 മുതൽ 1993 വരെ കേരള സംസ്ഥാനത്തിന്റെ മലബാർ റീജിയണൽ ഓർഗനൈസറായും 1993 മുതൽ 1999 വരെ ദേശീയ സമിതി അംഗമായും പ്രവർത്തിച്ചു. 1999 –2002 കാലയളവിൽ സംസ്ഥാന ജനറൽ ഓർഗനൈസറായും 2002–2005 സംസ്ഥാന പ്രസിഡന്റ് ആയും പ്രവർത്തിച്ചു.

2005 മുതൽ 2009 വരെ ദേശീയ എക്സിക്യൂട്ടീവ് മെമ്പറായി. 2009–ൽ പ്രഥമ അന്തർദേശീയ അഡ്ഹോക്ക് കമ്മിറ്റി രൂപീകരിച്ചപ്പോൾ അതിന്റെ ജനറൽ ഓർഗനൈസറായി 2015 വരെ പ്രവർത്തിച്ചു. 2015 മുതൽ 2023 വരെ അന്തർദേശീയ അഡ്ഹോക്ക് കമ്മറ്റിയുടെ എക്സിക്യൂട്ടീവ് മെമ്പറായിരുന്നു.

ദീർഘകാലം മതാധ്യപകനായും ഹെഡ്മാസ്റ്ററായും രൂപത പ്രൊമോട്ടറായും സേവനം ചെയ്തിട്ടുണ്ട്. ചാപ്പൻതോട്ടം ഇടവകാംഗമാണ്.

ഭാര്യ: വൽസ. മക്കൾ: സുജിത്, സുബിന, സുബിൻ, ആൽഫി.
മരുമക്കൾ: പ്രിയ, റിമ്മി, റിനോ, റോബിൻ.

**മലബാർ വിഷൻ ക്ലാസിഫൈഡ്സ്**

**സ്ഥലം വിൽപ്പനയ്ക്ക്**

കുന്നമംഗലം ടൗണിൽ നിന്ന് 1 കിലോമീറ്റർ ദൂരത്തിൽ പുതിയ വീട് വിൽപ്പനയ്ക്ക്. 2400 സ്ക്വയർ ഫീറ്റ്, ഇരുനിലവീട്, 3 ബാത്ത് അറ്റാച്ച്ഡ് ബെഡ്റൂം, കിണർ, ചുറ്റുമതിൽ, വാട്ടർകണക്ഷൻ എന്നീ സൗകര്യങ്ങൾ

വിവരങ്ങൾക്ക്: 7034916816















Printed and Published by Fr. Benny Alex Karackatt on behalf of Diocese of Thamarassery and printed at Roshni Publications (P) Ltd, Calicut-12 and published at PMOC, Marikkunnu, Calicut-12. Editor: Fr. Roy Thekkumkattil